# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പാണ്ടിക്കാട് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505

ഇ-മെയിൽ: dompm.ksad@kerala.gov.in

ഫോൺ : 0483-2734951

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട സഹിതം)

നമ്പർ: KSA MPM7/1129/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 14/09/2021
ഇ-മെയിൽ:
dompm.ksad@kerala.gov.in
ഫോൺ: 0483-2734951

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പാണ്ടിക്കാട് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പാണ്ടിക്കാട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പാണ്ടിക്കാട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA MPM7/1129/2021 തീയ്യതി: 14/09/2021

## മലപ്പുറം ജില്ലയിലെ പാണ്ടിക്കാട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ പാണ്ടിക്കാട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 23-06-2019 മുതൽ 11-07-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 31 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 28 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 26-07-2021 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തു ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.അനിൽ മാത്യു എ്െപ് | ഡെപ്യൂട്ടി ജയറക്ടർ | 12-07-2021 | 15-07-2021 |
| ശ്രീ.ഉണ്ണി പൂതംകുറ്റി | ഡെപ്യൂട്ടി ജയറക്ടർ | 16-07-2021 | 26-07-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 12-07-2021 | 26-07-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.അബ്ദുൽ സത്താർ സി.പി -ഓഡിറ്റ് ഓഫീസർ
ശ്രീ.അബ്ദുൾ ഗഫൂർ.സി -അസിറ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീ.സന്തോഷ.പ ।.ട ।-അസ ।റ്റന റ ഓഡ ।റ്റ ഓഫ ।സർ
ശ്രീമതി അസീന എ).പി -അസിറ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി വിനീത കെ.പി -ഓഡിറ്റർ
ശ്രീമതി.ഷീബ.പി -ഓഡിറ്റർ.

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.അജിത എൻ.ടി | പ്രസിഡന്റ് | 01-04-2020 | 05-11-2020 |
| അഡ്മിനിസ്ട്രേറ്റിവ് കമ്മിറ്റി)സുധീർ കുമാർ ആളൂർ (Secretary),നഹ് ല എ).പി (AO)മനോജ് കെ.ജി(AE) | സെക്രട്ടറി | 06-11-2020 | 29-12-2020 |
| ശ്രീമതി.റാബിയത്ത് | പ്രസിഡന്റ് | 30-12-2020 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. പ്രഭാകരൻ.കെ | സെക്രട്ടറി | 01-04-2020 | 09-06-2020 |
| ശ്രീ.അശോകൻ ടി.വി | അസിസ്റ്റന്റ് സെക്രട്ടറി(സെക്രട്ടറി അധിക ചുമതല) | 10-06-2020<br>01-03-2021 | 17-06-2020<br>31-03-2021 |
| ശ്രീ.സുധീർ കുമാർ ആളൂർ | സെക്രട്ടറി | 18-06-2020 | 28-02-2021 |
| ശ്രീ.മനോജ്,കെ.ജി | അസി.എഞ്ചിനീയർ | 01-04-2020 | 31-03-2021 |
| ഡോ.ലാന്സ് ലെറ്റ് തോമസ് | മെഡിക്കൽ ഓഫീസർ(പി.എ)ച്ച്.സി) | 01-04-2020 | 14-06-2020 |
| ഡോ.മുനീർ ബാബു.എ).പി | മെഡിക്കൽ ഓഫീസർ(പി.എ)ച്ച്.സി) | 15-06-2020 | 31-03-2021 |
| ഡോ.വി.എ)ൻ കവിത | മെഡിക്കൽ ഓഫീസർ(ആയുർവ്വേദം) | 01-04-2020 | 06-02-2021 |
| ഡോ.റഹിയാനത്ത് | മെഡിക്കൽ ഓഫീസർ(ആയുർവ്വേദം) | 07-02-2021 | 04-03-2021 |
| ഡോ.സരിത.എ) | മെഡിക്കൽ | 05-03-2021 | 31-03-2021 |

| | | | |
|---|---|---|---|
| | ഓഫീസർ(ആയുർവ്വേദം) | | |
| ഡോ.അഞ്ജു.സി.രാജ് | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 01-04-2020 | 31-03-2021 |
| ശ്രീമതി.നഹ് ല എ).പി | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| ഡോ.നൗഷാദലി .കെ.എൻ | വെറ്ററിനറിസർജൻ | 01-04-2020 | 31-03-2021 |
| ശ്രീ.മുഹമ്മദ് ബൈജു.പി.കെ | വി.ഇ.ഒ | 01-04-2020 | 23-02-2021 |
| ശ്രീ.സാജൻ..എൻ | വി.ഇ.ഒ | 24-02-2021 | 31-03-2021 |
| ശ്രീ.അശോകൻ ടി.വി | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2020 | 31-03-2021 |
| ശ്രീമതി.അനുല.എസ്.മേനോൻ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2020 | 31-03-2021 |
| ശ്രീമതി ജ്യാതിർമയി | ഹെഡ്മിസ്ട്രസ്സ് | 01-04-2020 | 21-06-2020 |
| ശ്രീമതി .റാബിയ | ഹെഡ്മിസ്ട്രസ്സ് | 22-06-2020 | 31-03-2021 |
| ശ്രീമതി.സുമ.കെ | എൈ.സി.ഡി.എസ് | 01-04-2020 | 17-04-2020 |
| | | 16-10-2020 | 31-03-2021 |
| ശ്രീമതി.ആയിഷകുട്ടി.പി | എൈ.സി.ഡി.എസ് | 18-04-2020 | 31-05-2020 |
| ശ്രീമതി.സീന സൂസൻ.വി | എൈ.സി.ഡി.എസ് | 01-06-2020 | 15-10-2020 |

ഉള്ളടക്കം

| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Abdul.Gafoor.C (Asst. Audit Officer, On 20-07-2021)<br>Last Updated By: Abdul Sathar C.P (Audit Officer, On 01-08-2021) | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക<br>Written By: Abdul.Gafoor.C (Asst. Audit Officer, On 20-07-2021)<br>Last Updated By: Abdul Sathar C.P (Audit Officer, On 09-08-2021) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: Abdul.Gafoor.C (Asst. Audit Officer, On 20-07-2021)<br>Last Updated By: Abdul Sathar C.P (Audit Officer, On 09-08-2021) | 1-3 |
| 4 | ഫണ്ട് വിനിയോഗം<br>Written By: Santhosh.P.T (Asst. Audit Officer, On 27-07-2021)<br>Last Updated By: Unni.P (Deputy Director, On 08-09-2021) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: Abdul.Gafoor.C (Asst. Audit Officer, On 20-07-2021)<br>Last Updated By: Abdul Sathar C.P (Audit Officer, On 10-08-2021) | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി<br>Written By: Santhosh.P.T (Asst. Audit Officer, On 21-07-2021)<br>Last Updated By: Abdul Sathar C.P (Audit Officer, On 07-09-2021) | 1-6 |
| 7 | ക്ഷേമ പദ്ധതികൾ<br>Written By: Santhosh.P.T (Asst. Audit Officer, On 21-07-2021)<br>Last Updated By: Santhosh.P.T (Asst. Audit Officer, On 21-07-2021) | 1-7 |
| 8 | ക്യാഷ് പരിശോധന<br>Written By: Abdul.Gafoor.C (Asst. Audit Officer, On 22-07-2021)<br>Last Updated By: Abdul.Gafoor.C (Asst. Audit Officer, On 22-07-2021) | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം<br>Written By: Santhosh.P.T (Asst. Audit Officer, On 25-07-2021)<br>Last Updated By: Unni.P (Deputy Director, On 08-09-2021) | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Abdul Sathar C.P (Audit Officer, On 07-09-2021)<br>Last Updated By: Unni.P (Deputy Director, On 08-09-2021) | 1-10 |
| 11 | വാർഷിക കണക്കിലെ അപാകതകൾ<br>Written By: Abdul.Gafoor.C (Asst. Audit Officer, On 26-07-2021)<br>Last Updated By: Unni.P (Deputy Director, On 14-09-2021) | 1-11 |
| 12 | പൊതുമരാമത്ത് പ്രവൃത്തികൾ - അപാകതകൾ<br>Written By: Abdul.Gafoor.C (Asst. Audit Officer, On 26-07-2021)<br>Last Updated By: Unni.P (Deputy Director, On 08-09-2021) | 1-12 |
| 13 | ആയുർവേദം-മുൻകൂർ നല്കിയ തുകയ്ക്കുള്ള മരുന്നുകൾ മുഴുവൻ ലഭിച്ചിട്ടില്ല.<br>Written By: Abdul Sathar C.P (Audit Officer, On 26-07-2021)<br>Last Updated By: Unni.P (Deputy Director, On 08-09-2021) | 1-13 |
| 14 | ദുരിതാശ്വാസ നിധി : നിഷ്ക്രിയമായി കിടക്കുന്നു.<br>Written By: Abdul Sathar C.P (Audit Officer, On 26-07-2021)<br>Last Updated By: Unni.P (Deputy Director, On 08-09-2021) | 1-14 |
| 15 | മുൻകൂർ നല്കിയ തുകയ്ക്കുള്ള മുഴുവൻ ഹോമിയോ മരുന്നുകളും ലഭിച്ചിട്ടില്ല.<br>Written By: Abdul Sathar C.P (Audit Officer, On 26-07-2021)<br>Last Updated By: Unni.P (Deputy Director, On 08-09-2021) | 1-15 |
| 16 | രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.ചെലവ് തുക തടസ്സം ചെയ്യുന്നു<br>Written By: Santhosh.P.T (Asst. Audit Officer, On 24-07-2021)<br>Last Updated By: Abdul Sathar C.P (Audit Officer, On 10-08-2021) | 1-16 |
| 17 | മഴക്കാല പൂർവ ശുചീകരണം-വിനിയോഗ രേഖകൾ | 1-17 |

| | | |
|---|---|---|
| | ഹാജരാക്കിയില്ല.<br>Written By: Santhosh.P.T (Asst. Audit Officer, On 24-07-2021)<br>Last Updated By: Abdul Sathar C.P (Audit Officer, On 10-08-2021) | |
| 18 | മരുന്നുകൾ ലഭ്യമാക്കേണ്ടതാണ്.<br>Written By: Santhosh.P.T (Asst. Audit Officer, On 24-07-2021)<br>Last Updated By: Unni.P (Deputy Director, On 14-09-2021) | 1-18 |
| 19 | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല. ചെലവ് തുക തടസ്സം ചെയ്യുന്നു.<br>Written By: Santhosh.P.T (Asst. Audit Officer, On 24-07-2021)<br>Last Updated By: Unni.P (Deputy Director, On 14-09-2021) | 1-19 |
| 20 | ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി-കിണർ റീചാർജ് പ്രവൃത്തികൾ ഉൾപ്പെടുത്തേണ്ടതാണ്.<br>Written By: Santhosh.P.T (Asst. Audit Officer, On 24-07-2021)<br>Last Updated By: Unni.P (Deputy Director, On 14-09-2021) | 1-20 |
| 21 | അഗതിരഹിതകേരളം പദ്ധതി-ഒരവലോകനം<br>Written By: Santhosh.P.T (Asst. Audit Officer, On 24-07-2021)<br>Last Updated By: Unni.P (Deputy Director, On 08-09-2021) | 1-21 |
| 22 | കാർഷിക മേഖലയിലെ പദ്ധതികൾ- നിർവ്വഹണത്തിലെ അപാകതകൾ<br>Written By: ASEENA.A.P (Asst. Audit Officer, On 25-07-2021)<br>Last Updated By: ASEENA.A.P (Asst. Audit Officer, On 26-07-2021) | 1-22 |
| 23 | എസ്. സി കുടുംബങ്ങൾക്ക് വാട്ടർടാങ്ക് വിതരണം- ഗുണഭോക്തൃവിഹിതം മുഴുവൻ ചെലവഴിക്കാതെ തനത് ഫണ്ടിൽ സൂക്ഷിക്കുന്നു.<br>Written By: ASEENA.A.P (Asst. Audit Officer, On 25-07-2021)<br>Last Updated By: Unni.P (Deputy Director, On 08-09-2021) | 1-23 |
| 24 | CPRCS വഴി ലാപ്ടോപ് വാങ്ങി വിതരണം - അപാകതകൾ<br>Written By: ASEENA.A.P (Asst. Audit Officer, On 26-07-2021)<br>Last Updated By: ASEENA.A.P (Asst. Audit Officer, On 26-07-2021) | 1-24 |
| 25 | നിർവഹണ ഉദ്യോഗസ്ഥരുടെ പണമിടപാട്- അക്കൗണ്ടിങ്ങിലെ അപാകതകൾ<br>Written By: Abdul Sathar C.P (Audit Officer, On 26-07-2021)<br>Last Updated By: Abdul Sathar C.P (Audit Officer, On 10-08-2021) | 1-25 |
| 26 | വാടക ഇളവ് - അപേക്ഷകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല.<br>Written By: Vineetha P P (Auditor, On 26-07-2021)<br>Last Updated By: Abdul Sathar C.P (Audit Officer, On 10-08-2021) | 1-26 |
| 27 | വനവികസന നികുതി അടവാക്കിയിട്ടില്ല.<br>Written By: Vineetha P P (Auditor, On 26-07-2021)<br>Last Updated By: Vineetha P P (Auditor, On 26-07-2021) | 1-27 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം<br>Written By: Abdul.Gafoor.C (Asst. Audit Officer, On 20-07-2021)<br>Last Updated By: Abdul.Gafoor.C (Asst. Audit Officer, On 22-07-2021) | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Abdul.Gafoor.C (Asst. Audit Officer, On 20-07-2021)<br>Last Updated By: Abdul Sathar C.P (Audit Officer, On 10-08-2021) | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നല്കിയ തുകയുടെ വിവരങ്ങൾ<br>Written By: Abdul.Gafoor.C (Asst. Audit Officer, On 20-07-2021)<br>Last Updated By: Abdul.Gafoor.C (Asst. Audit Officer, On 22-07-2021) | 4-3 |

| | | |
|---|---|---|
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Abdul.Gafoor.C (Asst. Audit Officer, On 20-07-2021)<br>Last Updated By: Abdul.Gafoor.C (Asst. Audit Officer, On 20-07-2021) | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ്<br>Written By: Abdul.Gafoor.C (Asst. Audit Officer, On 20-07-2021)<br>Last Updated By: Unni.P (Deputy Director, On 14-09-2021) | 4-5 |
| 6 | സ്ഥിര നിക്ഷേപങ്ങൾ<br>Written By: Abdul.Gafoor.C (Asst. Audit Officer, On 20-07-2021)<br>Last Updated By: Unni.P (Deputy Director, On 08-09-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി.<br>Written By: Abdul.Gafoor.C (Asst. Audit Officer, On 20-07-2021)<br>Last Updated By: Abdul.Gafoor.C (Asst. Audit Officer, On 20-07-2021) | 4-7 |
| 8 | ചാർജ് സർചാർജ് നടപടികളുടെ വിവരം.<br>Written By: Abdul.Gafoor.C (Asst. Audit Officer, On 20-07-2021)<br>Last Updated By: Abdul.Gafoor.C (Asst. Audit Officer, On 20-07-2021) | 4-8 |
| 9 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.<br>Written By: Abdul.Gafoor.C (Asst. Audit Officer, On 20-07-2021)<br>Last Updated By: Abdul.Gafoor.C (Asst. Audit Officer, On 20-07-2021) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം.<br>Written By: Abdul.Gafoor.C (Asst. Audit Officer, On 20-07-2021)<br>Last Updated By: Unni.P (Deputy Director, On 14-09-2021) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: Abdul.Gafoor.C (Asst. Audit Officer, On 20-07-2021)<br>Last Updated By: Unni.P (Deputy Director, On 14-09-2021) | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |

# ഭാഗം -1

## 1-1 ബജറ്റ്

| 2020-21 ലെ ബജറ്റ് പാസാക്കിയ തിയ്യതി | ബജറ്റ് പുതുക്കിയ തിയ്യതി |
|---|---|
| 23.3.20തീരുമാനം നമ്പർ 1/1 | 22.2.21തീരുമാനം നമ്പർ 2/1 |

## 1-2 വാർഷിക ധനകാര്യ പത്രിക

| സാമ്പത്തിക വർഷം | ഓഡിറ്റിൽ ലഭിക്കേണ്ട തീയതി | ലഭിച്ച തിയതി |
|---|---|---|
| 2020-21 | 31-07-2021 | 17.7.21 |

## 1-3 സാമ്പത്തിക വിശകലനം

| ഇനം | വർഷം (2020-21) |
|---|---|
| മുന്നിരിപ്പ് | 6,97,23,922 |
| വരവ് | 14,77,24,589 |
| ആകെ | 21,74,48,511 |
| ചെലവ് | 17,20,39,974 |
| നീക്കിയിരിപ്പ് | 4,54,08,537 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 00 | 20783160 | 20783160 | 20722820 | 60340 |
| വികസന ഫണ്ട് (എസ്.സി.പി) | 00 | 14153302 | 14153302 | 14151325 | 1977 |
| വികസന ഫണ്ട് (ടി.എസ്.പി) | 00 | 00 | 00 | 00 | 00 |
| സംരക്ഷണ ഗ്രാന്റ്(റോഡ്) | 00 | 17522000 | 17522000 | 17508382 | 13618 |
| സംരക്ഷണ ഗ്രാന്റ്(നോൺറോഡ്) | 00 | 7136086 | 7136086 | 7103361 | 32725 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | 00 | 20090902 | 20090902 | 17767239 | 2323663 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്(അൺ ടൈഡ്) | | 9730000 | 9730000 | 3259280 | 6470720 |
| സാക്ഷരത | 4782 | 188 | 4970 | - | 4970 |
| തനത് ഫണ്ട് ( SBIബാങ്ക് അക്കൗണ്ട്) | 16355902 | 16963876 | 33319778 | 20032578 | 13287200 |
| തനത് ഫണ്ട് (ട്രഷറി അക്കൗണ്ട്) | 31518085 | 27145781 | 58660866 | 56163866 | 2500000 |

| | | | | | |
|---|---|---|---|---|---|
| കരുവാരകുണ്ട് സർവ്വീസ് ബാങ്ക് | 20708448 | 18875069 | 39583517 | 11530441 | 28053076 |
| എസ്.എസ്.എ. | 164688 | 423 | 165111 | - | 165111 |
| കെ.ജി. ബി. പശ്ചിമ ഘട്ടവികസന പദ്ധതി | 40108 | 1576 | 41684 | - | 41684 |
| ജോയ്ൻ്റ് വെഞ്ച്വർ | 73805 | 2472 | 76277 | | 76277 |
| ദുരിതാശ്വാസ നിധി | 3606 | 142 | 3748 | - | 3748 |
| എം.ജി.എൻ.ആർ.ജി.എസ് | 87170 | 1924139 | 2011309 | 2011309 | 0 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്കുകൾ നടപ്പാക്കിയതിന്റെ വിവരം

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | ചെലവഴിച്ച തുക | ഭാഗികമായി നപ്പാക്കിയത് (എണ്ണം) | നടപ്പാത്തിവ (എണ്ണം) | പൂർത്തീ കരിച്ച പ്രോജക്കുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 420 | 193631824 | 327 | 130591278 | 75 | 18 | 87 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 87170 | 1924139 | 2011309 | 2011309 | 0 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നല്കുന്നത് | 00 | 22502745 | 22502745 | 22502745 | ഇല്ല |

MGNREGS-നേരിട്ട് നൽകൽ: Unskilled Wages-22035133, Semi Skilled And Skilled Wages-467612, Material-2726339ന് എന്നിങ്ങനെയാണ്. എന്നാൽ ഇൻകം &എക്സ്പെൻഡീച്ചർ പത്രികയിൽ 2967064രൂപയാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമ പഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ

| ക്ഷേമ പദ്ധതികളുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 46800 | 68 |
| കർഷകതൊഴിലാളി പെൻഷൻ | 17093200 | 1042 |
| വിധവാ പെൻഷൻ | 43464900 | 2299 |
| വാർദ്ധക്യകാല പെൻഷൻ | 51271600 | 3011 |
| വികലാഗ പെൻഷൻ | 15874600 | 855 |
| വിവാഹ ധനസഹായം | 420000 | 14 |
| 50 വയസ്സിനു മുകളിലുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | 2651500 | 150 |

## 1-8 ക്യാഷ് പരിശോധന

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 12.07.2021 ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. പരിശോധനയിൽ 10336 രൂപയുടെ നീക്കിയിരിപ്പ് ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

1. സ്ഥിരാസ്തികളുടെ ഭൗതിക പരിശോധന കേരള പഞ്ചായത്ത് രാജ്(അക്കൗണ്ട്സ്) ചട്ടങ്ങൾ പ്രകാരം പ്രതി വർഷം നടത്തി ആസ്തി രജിസ്റ്ററുകൾ കാലികമാക്കിയിട്ടില്ല.
2. ഓഫീസിലെ എല്ലാ സെക്ഷനുകളും തൻപതിവേടുകൾ എഴുതുന്നില്ല. എഴുതുന്നവ അപൂർണവും, മേൽപരിശോധന നടത്തപ്പെടാത്തവയുമാണ്. സൂചിക വിതരണ രജിസ്റ്ററിൽ തിയ്യതി വച്ച് എല്ലാ സെക്ഷനുകളും ഒപ്പ് വയ്ക്കുന്നമില്ല. ഇക്കാര്യത്തിൽ ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (റൂൾസ്) വകുപ്പിന്റെ 12-2-2021 ലെ നം. റൂൾസ്-2/22/2020/ഉഭപവ സർക്കുലർ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.
3. സ്ട്രീറ്റ് ലൈറ്റ് രജിസ്റ്ററിൽ പൂർണ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല.
4. സ്റ്റാന്റിംഗ് കമ്മിറ്റികളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കേണ്ടതുണ്ട്.
5. നിർവഹണ ഉദ്യോഗസ്ഥർ എല്ലാവരും കേരള പഞ്ചായത്ത് രാജ്(അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 16 പ്രകാരം കാഷ് ബുക്ക് കൈകാര്യം ചെയ്യുന്നില്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം നടത്തിയ തിയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തിയ്യതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 14.10.20 മുതൽ15.10.20 | 1/20 മുതൽ 3/20 | 15.10.20 |
| എ.ജി. ഓഡിറ്റ് | 30.8.2019 മുതൽ 19.9.2019വരെ | 2014-15മുതൽ 2018-19 വരെ | 30.10.2019 |

## 1-11 വാർഷിക കണക്കിലെ അപാകതകൾ

2020-21 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകളുടെ പരിശോധനയിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1) വസ്തു നികുതി DCB എഴുതി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

2) ഡെപ്പോസിറ്റ് ലെഡ്ജർ സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ B-7ലെ തുകകൾ ഒത്തു നോക്കാൻ സാധിക്കുന്നില്ല.

3) അഡ്വാൻസ് ലെഡ്ജർ സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

4) B-5 ഷെഡ്യൂൾ പ്രകാരം ലോൺ ഇനത്തിൽ 22586589/- രൂപ ബാധ്യതയായി ഉണ്ട്. ബന്ധപ്പെട്ട രജിസ്റ്റർ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

5) താഴെ പറയുന്ന ഗ്രാന്റുകൾ ACR ലും AFSലും വ്യത്യാസം കാണുന്നു.

| | ACR | AFS |
|---|---|---|
| Development Fund | 20722820 | 20085363 |
| CFC | 17767239 | 17568262 |

6. B-4 ഷെഡ്യൂളിൽ ഉൾപ്പെട്ട ചെലവഴിക്കാൻ അവശേഷിക്കുന്ന ഗ്രാന്റുകളെ സാധൂകരിക്കുന്ന രീതിയിൽ ആവശ്യമായ രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല.
7. പ്രതിദിനം തയ്യാറാക്കി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ട കാഷ് ബുക്കിനു പകരം കാഷ് ബുക്ക് സമ്മറി, ഡേബുക്ക് എന്നിവയാണ് പ്രിന്റ് എടുത്ത് വച്ചിട്ടുള്ളത്.

## 1-12 പൊതുമരാമത്ത് പ്രവൃത്തികൾ - അപാകതകൾ

I) പ്രവൃത്തികൾ പൂർണ്ണമായി നടപ്പാക്കുന്നില്ല

2020-21വർഷത്തിൽ ഗ്രാമ പഞ്ചായത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി ആകെ 302 പ്രൊജക്ടുകളാണ് തയ്യാറാക്കിയത്. ഇതിൽ 250 പ്രൊജക്ടുകളിലായി ആകെ 56541098 രൂപ മാത്രമാണ്

ചെലവഴിക്കാനായത്.

| | | | |
|---|---|---|---|
| ആകെ പദ്ധതി | 302 | ആകെ അടങ്കൽ | 7,33,96,088 |
| നടപ്പിലാക്കിയത് | 250 | ചെലവ് | 5,65,41,098 |
| ശതമാനം | 82.78 | ചെലവ് ശതമാനം | 77.03 |

ഒരു അസിസ്റ്റന്റ് എഞ്ചിനിയർ, രണ്ട് ഓവർസിയർമാർ എന്നീ സാങ്കേതിക ജീവനക്കാർക്ക് നടപ്പാക്കാവുന്നതിലും വളരെയധികം പ്രൊജക്ടുകൾ ഏറ്റെടുക്കുന്നതാണ് ഇത്തരത്തിൽ വളരെയധികം പ്രൊജക്ടുകൾ നടപ്പാക്കാതെ വരുന്നതിനും പലപ്പോഴും പദ്ധതിപ്പണം ലാപ്സാവുന്നതിനും ഇടയാക്കുന്നത്. ഇത്തരത്തിൽ വളരെയധികം പ്രൊജക്ടുകളുടെ എണ്ണം വർധിപ്പിക്കാതെ, അളവും ഗുണവും വർധിപ്പിച്ച് മെച്ചപ്പെട്ട പദ്ധതി നിർവഹണത്തിന് ശ്രമിക്കേണ്ടതാണ്.

2.പ്രൊജക്ടുകളുടെ ആധിക്യം നിർവ്വഹണത്തെ ബാധിക്കുന്നു.

ഗ്രാമ പഞ്ചായത്തിൽ 1അസിസ്റ്റന്റ് എഞ്ചിനീയറും 2ഓവർസിയറും അടക്കം ആകെ 3ജീവനക്കാർ മാത്രമാണ് ഓഡിറ്റ് വർഷത്തിൽ ഉണ്ടായിരുന്നത്. ഗ്രാമ പഞ്ചായത്തിന്റെ 2020-21 വാർഷിക പദ്ധതിയുടെ 72% അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കാനുള്ള പദ്ധതികളാണ്. ഈ പ്രൊജക്ടുകളുടെയെല്ലാം എസ്റ്റിമേറ്റ് തയ്യാറാക്കുകയും തുടർന്ന് പ്രവൃത്തിയുടെ മേൽ നോട്ടം വഹിക്കലും ബില്ല്, അളവ് പുസ്തകം എഴുതൽ എന്നിവയെല്ലാം ചെയ്യേണ്ടത് ഈ മൂന്ന് പേർ ചേർന്നാണ്. പരിമിതമായ ജീവനക്കാർ മാത്രമായതും പ്രവൃത്തികളുടെ ബാഹുല്യവും പദ്ധതി നടപ്പിലാക്കുന്നത് വൈകുന്നതിനും കാരണമാകുന്നുണ്ടെന്ന് വ്യക്തമാണ്.

3.റോഡ് കണക്റ്റിവിറ്റി മാപ്പും പ്ലാനും തയ്യാറാക്കിയില്ല

ഓരോ തദ്ദേശ ഭരണ സ്ഥാപനവും റോഡ് കണക്ടിവിറ്റി മാപ്പും റോഡ് കണക്ടിവിറ്റി പ്ലാനും നിർബന്ധമായും തയ്യാറാക്കിയിരിക്കണമെന്നും, ഏതൊരു റോഡ് നിർമ്മാണ പ്രൊജക്ടിനൊപ്പവും റോഡ് കണക്ടിവിറ്റി മാപ്പിൽ പ്രൊജക്ടിലൂടെ നടത്താനുദ്ദേശിക്കുന്ന പ്രവൃത്തി പ്രത്യേക നിറത്തിൽ അടയാളപ്പെടുത്തി സമർപ്പിക്കണമെന്നും പദ്ധതി മാർഗ്ഗരേഖകളിൽ പ്രത്യേകം പരാമർശിച്ചിട്ടുള്ളതാണ്. എന്നാൽ ഒരു പ്രവൃത്തിയിലും ഈ നിബന്ധനകൾ പാലിച്ചതായി കണ്ടില്ല.

കൂടാതെ പഞ്ചായത്തിന്റെ ആസ്തികളുടെ സംരക്ഷണത്തിന് മുൻഗണനാടിസ്ഥാനത്തിൽ നടപ്പാക്കേണ്ട പ്രവൃത്തികൾ ഉൾപ്പെടുത്തി ഒരു മെയിന്റനൻസ് പ്ലാനും പഞ്ചായത്ത് തയ്യാറാക്കിയിട്ടില്ല. ഇക്കാരണങ്ങളാൽ തന്നെ മേൽ വർഷത്തിൽ നടപ്പാക്കേണ്ട ഏറ്റവും അനിവാര്യമായ പ്രൊജക്ടുകളാണോ നടപ്പാക്കിയത് എന്ന് പരിശോധിക്കാൻ സാധിക്കില്ല.

റോഡ് കണക്ടിവിറ്റി മാപ്പും റോഡ് കണക്ടിവിറ്റി പ്ലാനും തയ്യാറാക്കുകയും, പ്രസ്തുത രേഖകളും സ്റ്റാറ്റസ് റിപ്പോർട്ടും അടിസ്ഥാനമാക്കി മുൻഗണനാ ക്രമത്തിൽ മാത്രം പ്രൊജക്ടുകൾ തയ്യാറാക്കാൻ സ്റ്റാന്റിങ്ങ് കമ്മിറ്റി നിർവ്വഹണ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകേണ്ടതും ആയത് പ്രകാരമാണ് പദ്ധതികൾ രൂപീകരിക്കുന്നതെന്ന് ഉറപ്പ് വരുത്താൻ ശ്രദ്ധിക്കേണ്ടതുമാണ്.

4.രജിസ്റ്ററുകളുടെ സൂക്ഷിപ്പ്

എഗ്രിമെന്റ് രജിസ്റ്ററിൽ കരാർ തുക (പ്രോബബ്ൾ എമൗണ്ട് ഓഫ് കോൺട്രാക്റ്റ്), ഏതാനും പ്രവൃത്തികളുടെ വിവരം മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി തുടങ്ങിയ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. രജിസ്റ്ററുകളിലെ കോളങ്ങളെല്ലാം എഴുതി പൂർത്തീകരിച്ച് സൂക്ഷിക്കേണ്ടതാണ്.

6.കുടിവെള്ള പദ്ധതികൾ പൂർത്തീകരിച്ചില്ല

താഴെ പറയുന്ന കുടിവെള്ള പദ്ധതികൾ പൂർത്തീകരിച്ചിട്ടില്ലെന്ന് 22.7.21 ന് നടത്തിയ സ്ഥല പരിശോധനയിൽ ബോധ്യപ്പെട്ടു.

| പ്രോജെക്റ്റ് നമ്പർ | കുടിവെള്ള പദ്ധതിയുടെ പേര് | നിലവിലെ അവസ്ഥ |
|---|---|---|
| 388/21 | മണ്ണാത്തിച്ചോല കുടിവെള്ള പദ്ധതി | ഇലക്ട്രിക് കണക്ഷൻ കിട്ടിയിട്ടില്ല |
| 171/21 | കുമംകുണ്ട് കുടിവെള്ള പദ്ധതി | ഇലക്ട്രിക് കണക്ഷൻ കിട്ടിയിട്ടില്ല |

മേൽ കുടിവെള്ള പദ്ധതികൾ ഇലക്ട്രിഫിക്കേഷൻ നടത്തി പൂർത്തിയാക്കേണ്ടതും കുടിവെള്ള പദ്ധതികൾ കരാർ വെച്ച് തുടർ നടത്തിപ്പ്, വാർഷിക അറ്റകുറ്റപ്പണി എന്നിവ ഗുണഭോക്തൃ കമ്മിറ്റികൾക്ക് കൈമാറും വിധം പദ്ധതി ആസൂത്രണം ചെയ്യേണ്ടതാണ്.

7.Kcwwf കളക്ഷൻചാർജ്ജ് ഈടാക്കിയില്ല

മരാമത്ത് പ്രവൃത്തികളിൽ ആകെ മൂല്യ നിർണ്ണയ തുകയുടെ ഒരു ശതമാനം തുക പ്രവൃത്തിയുടെ ബില്ലിൽ നിന്നും ഈടാക്കി കേരള നിർമാണ തൊഴിലാളി ക്ഷേമനിധിയിലേക്ക് അടവാക്കി വരുന്നുണ്ട്. 1996 ലെ ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ സെസ്സ് ആക്ടിലെ സെക്ഷൻ 3-3 പ്രകാരം ഇപ്രകാരം വസൂലാക്കി നൽകുന്ന തുകയുടെ ഒരു ശതമാനം കളക്ഷൻ ചാർജ്ജ് ഇനത്തിൽ പഞ്ചായത്തിന് ഈടാക്കാവുന്നതാണ്.

എന്നാൽ ഈ ഇനത്തിൽ പഞ്ചായത്ത് തുകയൊന്നും ഈടാക്കിയിട്ടില്ല. മരാമത്ത് ബില്ലുകൾ പാസ്സാക്കുന്നതോടൊപ്പം തന്നെ നികുതികൾ ബന്ധപ്പെട്ട വകുപ്പുകളിലേക്ക് ട്രാൻസ്ഫർ ചെയ്യുന്നതോടൊപ്പം ഈയിനത്തിലുള്ള തുക പഞ്ചായത്ത് ഫണ്ടിലേക്കും ട്രാൻസ്ഫർ ചെയ്യുന്ന തരത്തിൽ പല ഗ്രാമപഞ്ചായത്തുകളിലും തുടരുന്ന രീതി സ്വീകരിച്ച് കൊണ്ട് പഞ്ചായത്തിന് ലഭിക്കാൻ അർഹതയുള്ള കളക്ഷൻ ചാർജ്ജ് ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-13 ആയുർവേദം-മുൻകൂർ നല്കിയ തുകയ്ക്കുള്ള മരുന്നുകൾ മുഴുവൻ ലഭിച്ചിട്ടില്ല.

പ്രൊ. നം. 121/2021 : ആയുർവേദ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ

| ക്ര. നം | ബിൽ നം/ തിയ്യതി | തുക | ഔഷധിയുടെ കോർബാങ്ക് രസിതി നം/തി |
|---|---|---|---|
| 1 | No. 1/20-21/12-8-20 | Rs. 2,50,000 | 1400011432/12-8-2020 |
| 2 | No. 2/20-21/28-10-20 | Rs. 2,50,000 | 1400014147/28-10-2020 |
| | TOTAL | 5,00,000 | |

മുകളിൽ കാണിച്ച പ്രൊജക്ട് പ്രകാരം മരുന്നുകൾ വാങ്ങുന്നതിനായി ഔഷധിയ്ക്ക് മുൻകൂർ നല്കിയിട്ടുണ്ട്. എന്നാൽ നാളിതു വരെ (5-12-2020 വരെ ) 3,99,592 രൂപയുടെ മരുന്നുകൾ മാത്രമാണ് ലഭിച്ചിട്ടുള്ളത്. 1,00,408 രൂപയുടെ മരുന്നുകൾ ലഭിച്ചിട്ടില്ല.

ഇതു സംബന്ധിച്ച മറ്റു അപാകതകൾ താഴെ ചേർക്കുന്നു.

1) GO(MS) No.22/2018/LSGD/14-2-2018പ്രകാരമുള്ള സബ്സിഡി മാർഗരേഖയുടെ ഖണ്ഡിക 7.5.3-ൽ കേന്ദ്രീകൃത രീതിയിലുള്ള വാങ്ങലിലൂടെ മരുന്നുകൾ ആരോഗ്യ സ്ഥാപനങ്ങൾക്ക് ലഭ്യമാക്കൽ ബന്ധപ്പെട്ട വകുപ്പുകളുടെ ചുമതലയാണെന്നും, ബന്ധപ്പെട്ട വകുപ്പുകൾ ലഭ്യമാക്കുന്ന മരുന്നുകളുടെ അപര്യാപ്തതയുണ്ടെങ്കിൽ മാത്രം നിയന്ത്രണചുമതലയുള്ള തദ്ദേശസ്ഥാപനങ്ങൾക്ക് വാങ്ങാനാണ്, അനുമതി നല്കിയിട്ടുള്ളത്. ഇതിനായി DMO-യുടെ Non Availability Certificate ലഭ്യമാക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ, ഇപ്രകാരം മുൻകൂർ തുക നല്കിയിട്ടും മരുന്നുകൾ ലഭിക്കുവാൻ കാലതാമസം നേരിട്ടാൽ, HMC- യുടെ ശുപാർശ പ്രകാരം മെഡിക്കൽ ഓഫീസർക്ക് ടെണ്ടർ/ ക്വട്ടേഷൻ വിളിച്ച് പുറമെ നിന്ന് നേരിട്ട് വാങ്ങാമെന്നും പറഞ്ഞിട്ടുണ്ട്. ഇത്തരം നടപടികളും സ്വീകരിച്ചതായി കാണുന്നില്ല.

2) മരുന്നുകൾ ഗഡുക്കളായിട്ടാണ് ലഭിക്കുന്നതെന്നതിനാൽ, ആകെ നല്കിയ മുൻകൂർ, ഇൻവോയ്സ് പ്രകാരം ക്രമീകരിച്ചത്, ക്രമീകരിക്കാൻ അവശേഷിക്കുന്ന തുക എന്നീ വിവരങ്ങൾ ഇൻവോയ്സുകളുടെ ഓഫീസ് കോപ്പിയിൽ രേഖപ്പെടുത്തി നിരീക്ഷിക്കേണ്ടതാണ്.

3) പഞ്ചായത്തിനു നൽകുന്ന പ്രതിമാസ വിനിയോഗ സാക്ഷ്യപത്രത്തിൽ ലഭിക്കുവാൻ അവശേഷിക്കുന്ന മരുന്നുകളുടെ വില പഞ്ചായത്തിനെ അറിയിക്കേണ്ടതും, പഞ്ചായത്ത് ബാലൻസ് ഷീറ്റിൽ ഇക്കാര്യം ഉൾപ്പെടുത്തേണ്ടതുമാണ്.

അവശേഷിക്കുന്ന മരുന്നുകൾ ലഭ്യമായ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

6/20-7-2021 പ്രകാരം ഓഡിറ്റ് എൻക്വയറി നൽകിയതിന് അപാകതകൾ തുടർന്ന് പരിഹരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

## 1-14 ദുരിതാശ്വാസ നിധി : നിഷ്ക്രിയമായി കിടക്കുന്നു.

2003ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങൾ പ്രകാരം പേമാരി, വെള്ളപ്പൊക്കം, പ്രകൃതിക്ഷോഭം, അഗ്നി ബാധ, കൊടുങ്കാറ്റ്, കടലാക്രമണം, അത്യാഹിതം, മാറാ രോഗങ്ങൾ എന്നിവ മൂലം ദുരിതമനുഭവിക്കുന്ന ഗ്രാമ പഞ്ചായത്ത് നിവാസികളും നിർദ്ധനരുമായ വ്യക്തികൾക്ക് അടിയന്തിര സഹായം നൽകുന്നതിനായി ഒരു പ്രമേയം മൂലം മറ്റ് ഫണ്ടുകളിൽ നിന്ന് വേറിട്ട് സൂക്ഷിക്കുന്ന ഒരു ദുരിതാശ്വാസ നിധി രൂപീകരിക്കാവുന്നതാണ്. കലാ കായിക വിനോദ പരിപാടികൾ സംഘടിപ്പിച്ചും, വ്യക്തികൾ, സംഘടനകൾ,

സ്ഥാപനങ്ങൾ എന്നിവയിൽ നിന്ന് സംഭാവനകൾ സ്വീകരിച്ചും ദുരിതാശ്വാസ നിധിയിലേക്ക് ധനം സ്വരൂപിക്കാവുന്നതാണ്. നിധി കൈകാര്യം ചെയ്യുന്നതിനായി പ്രസിഡന്റ്, സെക്രട്ടറി, ഒരു മെമ്പർ എന്നിവർ അടങ്ങുന്ന ഒരു സബ്കമ്മിറ്റി രൂപീകരിക്കേണ്ടതാണ്. ദുരിതമനുഭവിക്കുന്ന അർഹരായ വ്യക്തികൾക്ക് 500 രൂപ വരെ അടിയന്തിരസഹായം നൽകാൻ ചട്ടം വ്യവസ്ഥ ചെയ്യുന്നുണ്ട്.

പാണ്ടിക്കാട് ഗ്രാമപഞ്ചായത്തിൽ ഇപ്രകാരം ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടുണ്ട്. 2019-20, 2020-21എന്നീ വർഷങ്ങളിലെ വാർഷിക്കണക്കുകൾ പ്രകാരം, കേരള ഗ്രാമീൺ ബാങ്കിൽ ഇതിനായി ഒരു അക്കൗണ്ട് നിലനിർത്തിപ്പോരുന്നതായും കാണുന്നു. 31-3-202 ന് 3,606രൂപയും , 31-3-2021ന് 3,748 രൂപയും നീക്കിയിരിപ്പുണ്ട്. പലിശയിനത്തിലുള്ള വരവല്ലാതെ, ടി അക്കൗണ്ടിൽ യാതൊരു ഇടപാടുകളും നടന്നതായി കാണുന്നില്ല.

( 16/22-7-21 പ്രകാരം ഓഡിറ്റ് എൻക്വയറി നൽകിയതിന് ദുരിതാശ്വാസ നിധിയുടെ പ്രവർത്തനങ്ങൾ ചട്ട പ്രകാരം നടപ്പാക്കാത്തതിന് കാരണം ആരാഞ്ഞതിന്, തുടർന്ന് പ്രവർത്തനം അടിയന്തിരമായി ഏറ്റെടുത്തു നടത്തുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.)

## 1-15 മുൻകൂർ നല്കിയ തുകയ്ക്കുള്ള മുഴുവൻ ഹോമിയോ മരുന്നുകളും ലഭിച്ചിട്ടില്ല.

പ്രൊ. നം. 6/21 : ഹോമിയോ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ

Bill No. 1/20-21/23-7-2020 Rs. 2,00,000

Rt No. 3022/12-9-2020 Of HOMCO

മുകളിൽ കാണിച്ച പ്രൊജക്ട് പ്രകാരം മരുന്നുകൾ വാങ്ങുന്നതിനായി HOMCO-യ്ക്ക് മുൻകൂർ നല്കിയിട്ടുണ്ട്. എന്നാൽ നാളിതു വരെ മുഴുവൻ തുയുടെയും മരുന്നുകൾ ലഭിച്ചിട്ടില്ല. വിശദ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം | ഇൻവോയ്സ് നം/ തിയ്യതി | തുക |
|---|---|---|
| 1 | LF 1017/19-8-2020 | 37,727 |
| 2 | LF 2256/6-2-2021 | 1,10,684 |
| | TOTAL | 1,48,411 |
| | മുൻകൂർ | 2,00,000 |
| | ബാക്കി | 51,589 |

ഇതു സംബന്ധിച്ച മറ്റു അപാകതകൾ താഴെ ചേർക്കുന്നു.

1) GO(MS) No.22/2018/LSGD/14-2-2018പ്രകാരമുള്ള സബ്സിഡി മാർഗരേഖയുടെ ഖണ്ഡിക 7.5.3-ൽ കേന്ദ്രീകൃത രീതിയിലുള്ള വാങ്ങലിലൂടെ മരുന്നുകൾ ആരോഗ്യ സ്ഥാപനങ്ങൾക്ക് ലഭ്യമാക്കൽ ബന്ധപ്പെട്ട വകുപ്പുകളുടെ ചുമതലയാണെന്നും, ബന്ധപ്പെട്ട വകുപ്പുകൾ ലഭ്യമാക്കുന്ന മരുന്നുകളുടെ അപര്യാപ്തതയുണ്ടെങ്കിൽ മാത്രം നിയന്ത്രണചുമതലയുള്ള തദ്ദേശസ്ഥാപനങ്ങൾക്ക് വാങ്ങാനാണ്, അനുമതി നല്കിയിട്ടുള്ളത്. ഇതിനായി DMO-യുടെ Non Availability Certificate ലഭ്യമാക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഫയലിൽ സൂക്ഷിച്ചിട്ടുള്ള NLCയിൽ, വകുപ്പ് വിതരണം ചെയ്യുന്ന മരുന്നുകൾ സംബന്ധിച്ച യാതൊരു പരാമർശവുമില്ല.

കൂടാതെ, ഇപ്രകാരം മുൻകൂർ തുക നല്കിയിട്ടും മരുന്നുകൾ ലഭിക്കുവാൻ കാലതാമസം നേരിട്ടാൽ, HMC- യുടെ ശുപാർശ പ്രകാരം മെഡിക്കൽ ഓഫീസർക്ക് ടെണ്ടർ/ ക്വട്ടേഷൻ വിളിച്ച് പുറമെ നിന്ന് നേരിട്ട് വാങ്ങാമെന്നും പറഞ്ഞിട്ടുണ്ട്. ഇത്തരം നടപടികളും സ്വീകരിച്ചതായി കാണുന്നില്ല.

2) കൂടാതെ, പ്രൊജക്ട് റിപ്പോർട്ട് ഫയലിൽ ലഭ്യമാക്കിയിട്ടുമില്ല. .

3) മരുന്നുകൾ ഗഡുക്കളായിട്ടാണ് ലഭിക്കുന്നതെന്നതിനാൽ, ആകെ നല്കിയ മുൻകൂർ, ഇൻവോയ്സ് പ്രകാരം ക്രമീകരിച്ചത്, ക്രമീകരിക്കാൻ അവശേഷിക്കുന്ന തുക എന്നീ വിവരങ്ങൾ ഇൻവോയ്സുകളുടെ ഓഫീസ് കോപ്പിയിൽ രേഖപ്പെടുത്തി നിരീക്ഷിക്കേണ്ടതാണ്.

3) പഞ്ചായത്തിനു നൽകുന്ന പ്രതിമാസ വിനിയോഗ സാക്ഷ്യപത്രത്തിൽ ലഭിക്കുവാൻ അവശേഷിക്കുന്ന മരുന്നുകളുടെ വില പഞ്ചായത്തിനെ അറിയിക്കേണ്ടതും, പഞ്ചായത്ത് ബാലൻസ് ഷീറ്റിൽ ഇക്കാര്യം ഉൾപ്പെടുത്തേണ്ടതുമാണ്.

അവശേഷിക്കുന്ന മരുന്നുകൾ ലഭ്യമായ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

( 1/14-7-2021 പ്രകാരം ഓഡിറ്റ് എൻക്വയറി നൽകിയതിന് അപാകതകൾ പരിഹരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട് ).

## 1-16 രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.ചെലവ് തുക തടസ്സം ചെയ്യുന്നു

2020-21 സാമ്പത്തിക വർഷത്തിൽ മെഡിക്കൽ ഓഫീസർ ആരോഗ്യം നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ

താഴെ പറയുന്ന പ്രോജെക്ടിന്റെ ഭാഗമായ സ്റ്റോക്ക് രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. ആയതിനാൽ ചെലവ് തുക ഓഡിറ്റിൽ തടസ്സം ചെയ്യുന്നു

| ക്രമനമ്പർ | വർഷം | പ്രോജെക്ട് നമ്പർ/പേര് | തുക | ചെക്ക്/ബിൽ നം. തിയതി | ഫണ്ട് |
|---|---|---|---|---|---|
| 4 | 2020-21 | 336/വിവിധ സബ്സെന്ററുകൾക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ | 18725 | 922536/30.3.21 | തനത് ഫണ്ട് |
| | | | 450000 | 11/20-21 തി. 22.1.21-364221രൂപ<br>19/20-21 തി. 29.3.21-85779രൂപ | മെയിന്റനൻസ് ഫണ്ട് നോൺ റോഡ് |
| | | ആകെ | 4,68,725 | | |

മേൽ പറഞ്ഞതിൽ 3,64,221 രൂപയ്ക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും കെൽട്രോണിൽ നിന്നും വാങ്ങിയിട്ടുണ്ട്.ആയത് സ്റ്റോക്കിലെടുത്തിട്ടുണ്ട്. എന്നാൽ 1,04,504 രൂപ ചെലവഴിച്ച് (85779+18725)കെൽട്രോണിൽ നിന്നും U74999KL1972GC002450 ഇൻവോയ്സ് നമ്പർ പ്രകാരം വാങ്ങിയ 13063 രൂപ വിലയുള്ള 8 , A4 Monochrome Network Laser പ്രിന്ററുകൾ സ്റ്റോക്കിലെടുത്തതിന്റെ വിവരങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കണമെന്നാവശ്യപ്പെട്ട് 13/22.7.21 നമ്പർ പ്രകാരം ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു. എന്നാൽ പ്രിന്ററുകൾ ലഭ്യമായിട്ടില്ലെന്ന് അറിയിച്ചു. ആയതിനാൽ പ്രിന്ററുകൾ ലഭ്യമാകുന്നതുവരെ ചെലവ് തുക 1,04,504 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 1-17 മഴക്കാല പൂർവ്വ ശുചീകരണം-വിനിയോഗ രേഖകൾ ഹാജരാക്കിയില്ല.

പാണ്ടിക്കാട് ഗ്രാമ പഞ്ചായത്തിലെ 23 വാർഡുകളിലെ ശുചീകരണ പ്രവർത്തനങ്ങൾക്കായി 2,30,000 രൂപ ശുചിത്വമിഷൻ ഫണ്ട്, മെഡിക്കൽ ഓഫീസർ പി എച്ച്സിക്ക് കൈമാറിയിട്ടുണ്ട്. (ചെക്ക്നമ്പർ 22000561/5.11.20). വാർഡ് തല ശുചീകരണ പ്രവർത്തനങ്ങൾക്ക് ഓരോ വാർഡിനും 10,000 രൂപ വീതം ചെലവഴിക്കുന്നതിനാണ് തുക കൈമാറിയത്. മേൽ തുക വിനിയോഗിച്ചതിന്റെ എല്ലാ രേഖകളും ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നമ്പർ 14/22.7.21 പ്രകാരം ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു. ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ വാർഡുകളിൽ നിന്നും ചെലവ് രേഖകൾ കിട്ടാത്തതിനാലാണ് ഓഡിറ്റിന് ലഭ്യമാക്കാതിരുന്നത് എന്ന് മെഡിക്കൽ ഓഫീസർ അറിയിച്ചിട്ടുണ്ട്. രേഖകൾ ലഭ്യമാകുന്നതുവരെ 2,30,000 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 1-18 മരുന്നുകൾ ലഭ്യമാക്കേണ്ടതാണ്.

2020-21 സാമ്പത്തിക വർഷത്തിൽ മെഡിക്കൽ ഓഫീസർ പിഎച്ച്സി നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ താഴെ പറയുന്ന പ്രോജെക്ടുകൾ പ്രകാരം മരുന്നുകൾ വാങ്ങാൻ മുൻകൂർ നൽകിയിട്ടുണ്ട്. എന്നാൽ മരുന്നുകൾ പൂർണമായും ലഭ്യമാക്കിയിട്ടില്ല.കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷനിൽ നിന്നാണ് മരുന്നുകൾ വാങ്ങുന്നത്.

| ക്രമനമ്പർ | പ്രോജെക്ട് നമ്പർ/പേര് | കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷനിൽ അടവാക്കിയ തുക | ബിൽ നമ്പർ/ തിയതി | ലഭ്യമായ മരുന്നിന്റെ വില/ഇൻവോയ്സ് നമ്പർ | | ലഭ്യമാകുവാൻ അവശേഷിക്കുന്ന മരുന്നിന്റെ വില |
|---|---|---|---|---|---|---|
| 1 | 330/പി എച്ച് സിയിലേക്ക് മരുന്ന് വാങ്ങൽ (മെയിന്റനൻസ് ഫണ്ട് നോൺ റോഡ്) | 4,87,392 | 13/20-21 തി. 11.2.21 4,87,392 | 88,055 | 2774/24.6.21 | 3,99,337 |

| | | | | | | |
|---|---|---|---|---|---|---|
| 2 | 333/ പരിരക്ഷാ പദ്ധതി (വികസന ഫണ്ട്) | 5,00,000 | 6/20-21 തി. 6.11.20 5,00,000 | 3,60,975 | 29466/14.1.21 - 9,653<br>339/23.4.21 -1,23,425<br>340/23.4.21 -90,567<br>2307/13.6.21 -22,790<br>2310/13.6.21 -25,226<br>2312/13.6.21 -28,132<br>2313/13.6.21 -30,823<br>2315/13.6.21 -12,710<br>2316/13.6.21 -17,649<br>ആകെ -3,60,975 | 1,39,025 |
| | ആകെ | | | | | 5,38,362 |

ലഭ്യമാകുവാൻ അശേഷിക്കുന്ന മരുന്നുകൾ ലഭ്യമാക്കുവാൻ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കണമെന്ന ഓഡിറ്റ് എൻക്വയറി നമ്പർ 12/22.7.21 പ്രകാരം ആവശ്യപ്പെട്ടു.മരുന്നുകൾ ലഭ്യമാക്കുവാൻ നടപടി സ്വീകരിച്ച് വരുന്നുണ്ടെന്ന് മറുപടി നൽകിയിട്ടുണ്ട്.മരുന്നുകൾ ലഭ്യമായ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-19 വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല. ചെലവ് തുക തടസ്സം ചെയ്യുന്നു.

2020-21 വർഷത്തിൽ സെക്രട്ടറി നിർവഹണം നടത്തിയ താഴെ പറയുന്ന പ്രോജെക്ടുകളുടെ കെഎസ്ഇബിയിൽ നിന്നുള്ള വിനിയോഗ സാക്ഷ്യപത്രം/പൂർത്തീകരണ വിവരം പരിശോധനയ്ക്ക് ഹാജരാക്കിയില്ല

| ക്രമനമ്പർ | പ്രോജെക്ട് നമ്പർ/ പേര് | തുക | വൗച്ചർ/ ബിൽ നം. തിയതി |
|---|---|---|---|
| 1 | 227/ ഏറിയാട് കുടിവെള്ള പദ്ധതിക്ക് പോസ്റ്റ് മാറ്റി സ്ഥാപിക്കുന്നതിന് കെഎസ് ഇ ബിയിൽ അടവാക്കിയത്.(വികസന ഫണ്ട്) | 52,839 | 18/20-21 തി.18.11.20 |
| | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 2,00,000 | 17/20-21 തി. 17.11.20 |
| | ആകെ | 2,52,839 | |

വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിന് ഹാജരാക്കണമെന്നാവശ്യപ്പെട്ട് നമ്പർ 10/22.7.21 പ്രകാരം ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു. ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ വിനിയോഗ സാക്ഷ്യപത്രം ലഭിക്കുന്നതിന് കെ എസ് ഇ ബി അസി. എഞ്ചിനീയർക്ക് കത്ത് നൽകിയിട്ടുണ്ട് എന്നറിയിച്ചിട്ടുണ്ട്. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകുന്നതുവരെ ചെലവ് തുക 2,52,839 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 1-20 ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി-കിണർ റീചാർജ് പ്രവൃത്തികൾ

ഉൾപ്പെടുത്തേണ്ടതാണ്.

പ്രധാന കുടിവെള്ള സ്രോതസ്സുകളായ കിണറുകളെ മഴവെള്ളത്താൽ റീചാർജ് ചെയ്യുന്നതിന് സർക്കാർ ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് ജലസുരക്ഷ. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ വാർഷിക കർമ്മ പദ്ധതിയിൽ നിർബന്ധമായും കിണർ റീചാർജ് പ്രവൃത്തികൾ ഉൾപ്പെടുത്തേണ്ടതാണ്. സ.ഉ (കൈ) 161/16 ത.സ്വ.ഭ.വ തി. 9.11.16 പ്രകാരം ജലസുരക്ഷ-സമ്പൂർണ്ണ കിണർ റീചാർജ് സംബന്ധിച്ച് പ്രവർത്തന മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ പഞ്ചായത്ത് ഭരണ സമിതി അംഗീകരിച്ച ആക്ഷൻ പ്ലാനിൽ കിണർ റീചാർജ് പ്രവൃത്തികൾ ഉൾപ്പെടുത്തുകയും നടപ്പിലാക്കുകയും ചെയ്തിട്ടില്ല. വേനൽകാലത്ത് കുടിവെള്ള ക്ഷാമം രൂക്ഷമായി അനുഭവപ്പെടുന്ന സാഹചര്യത്തിൽ ജലസുരക്ഷാ പദ്ധതിക്ക് ഏറെ പ്രാധാന്യമുണ്ട്. ഗ്രാമപഞ്ചായത്തിലെ നല്ലൊരു ഭാഗം കിണറുകളും വരൾച്ചയുടെ വ്യതിയാനമനുസരിച്ച് വേനൽകാലത്ത് വറ്റിപ്പോകാറുണ്ട്. കൂടാതെ കുടിവെള്ള വിതരണത്തിന് ഗ്രാമപഞ്ചായത്ത് നല്ലൊരു തുക ചെലവഴിക്കേണ്ടതായും വരുന്നുണ്ട്. കിണർ റിചാർജ് ചെയ്യേണ്ടതിന്റെ ആവശ്യകത ജനങ്ങളെ ബോധ്യപ്പെടുത്തുന്നതിനും രൂക്ഷമായ ജലക്ഷാമം പരിഹരിക്കുന്നതിന് സർക്കാർ ആവിഷ്കരിച്ച പദ്ധതികൾ നടപ്പിലാക്കുന്നതിനും സ്റ്റാന്റിംഗ് കമ്മിറ്റികൾ സമയോചിതമായ ഇടപെടലുകൾ നടത്തേണ്ടതാണ്.

## 1-21 അഗതിരഹിതകേരളം പദ്ധതി-ഒരവലോകനം

നിലവിലെ ആശ്രയ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ളവരും എന്നാൽ സേവനത്തിന് തുടർന്നും അർഹരായവരെയും കണ്ടെത്തി ഒരു ഏകീകൃത പദ്ധതി എന്ന നിലയ്ക്കാണ് അഗതിരഹിത കേരളം പദ്ധതി ആരംഭിച്ചത്. ഇതു സംബന്ധിച്ച് സ . ഉ(എംഎസ്) നം 252/2017/തസ്വഭവ തി. 12.12.2017 പ്രകാരം മാർഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. സമൂഹത്തിന്റെ താഴെ തട്ടിലുള്ള അവശജനവിഭാഗങ്ങളുടെ പുരോഗതി ലക്ഷ്യമാക്കിയാണ് ഈ പദ്ധതി ആരംഭിച്ചിട്ടുള്ളത്. കുടുംബശ്രീ നിശ്ചയിച്ചിട്ടുള്ള ക്ലേശഘടകങ്ങളുടെ അടിസ്ഥാനത്തിലാണ് അർഹരായ ഗുണഭോക്താക്കളെ കണ്ടെത്തുന്നത്.
പാണ്ടിക്കാട് ഗ്രാമ പഞ്ചായത്തിൽ അഗതി രഹിത കേരളം പദ്ധതിക്കായി ആകെ ചലഞ്ച് ഫണ്ടിൽ നിന്നും 2,78,7210 രൂപയും പ്ലാൻ ഫണ്ടിൽ നിന്നും 15,0,00000 രൂപയും വകയിരുത്തിയിട്ടുണ്ട്. 2020-21 സാമ്പത്തിക വർഷത്തിൽ അഗതിരഹിത കേരളം പദ്ധതിക്ക് താഴെ പറയും പ്രകാരം തുക ലഭ്യമായിട്ടുണ്ട്.

| ഫണ്ട് | ലഭ്യമായ തുക | തിയതി |
|---|---|---|
| ചലഞ്ച്ഫണ്ട് വിഹിതം | 708668 | 20.11.20 |
| | 929070 | 18.1.21 |

മേൽ തുക അഗതിരഹിതകേരളം പദ്ധതി അക്കൌണ്ട് നമ്പർ 40188101098145 കേരള ഗ്രാമീണ ബാങ്ക് പാണ്ടിക്കാട് സൂക്ഷിച്ചിട്ടുണ്ട്. മേൽ അക്കൗണ്ടിൽ 5-3-2021 ന് ആകെ 22,42,474 രൂപ ബാലൻസ് ഉണ്ട്. 2019-20, 20-21 വർഷങ്ങളിൽ ജില്ലാ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത് വിഹിതം പദ്ധതി നടത്തിപ്പിനായി പാണ്ടിക്കാട് ഗ്രാമപഞ്ചായത്തിന് ലഭിച്ചിട്ടില്ല. കൂടാതെ 19-20,20-21 വർഷങ്ങളിൽ ഗ്രാമ പഞ്ചായത്തിൽ നിന്നും വിഹിതം ലഭിച്ചിട്ടില്ല. 2019 -20 വർഷത്തിൽ പദ്ധതി ആരംഭിക്കുമ്പോൾ ആകെ 101 ഗുണഭോക്താക്കളാണ് അഗതിരഹിത കേരളം പദ്ധതിയിൽ ഗ്രാമപഞ്ചായത്തിൽ നിലവിലുണ്ടായിരുന്നത്. നിലവിൽ 85 ഗുണഭോക്താക്കളാണ് നിലവിലുള്ളത്. 2019-20 വർഷത്തിൽ ഭക്ഷണകിറ്റ് വിതരണത്തിനായി 6,49,346 രൂപയും പഠനോപകരണങ്ങൾ നൽകുന്നതിനായി 8,800 രൂപയും ചെലവവിച്ചിട്ടുണ്ട്. 2020-21 വർഷത്തിൽ ഭക്ഷണകിറ്റ് നൽകുന്നതിനായി 5,68,400 രൂപയും വീട് റിപ്പയറിനായി 1,90,000 രൂപയും ചെലവഴിച്ചിട്ടുണ്ട്. പുതുതായി അംഗങ്ങളെ ചേർക്കാനുള്ള പ്രവർത്തനം പൂർത്തിയായിട്ടില്ല. പദ്ധതിയുടെ പൊതു നടത്തിപ്പിന്റെ മേൽനോട്ടം വിലയിരുത്തൽ സമിതിയിൽ നിക്ഷിപ്തമാണ്. പദ്ധതി പ്രവർത്തനം നിരന്തരം വിലയിരുത്തുന്നതിനായി ഉപസമിതി രൂപീകരിക്കണമെന്ന നിർദേശിച്ചിട്ടുണ്ട്. മിനുട്ട്സ് പരിശോധിച്ചതിൽ കഴിഞ്ഞ ഒരു വർഷത്തോളമായി വിലയിരുത്തൽ സമിതി രണ്ട് തവണ മാത്രമാണ് യോഗം ചേർന്നതായി കാണുന്നുള്ളൂ. സിഡിഎസ് തലത്തിൽ അഗതിരഹിതകേരളവുമായി ബന്ധപ്പെട്ട രേഖകൾ മാസത്തിലൊരിക്കൽ ജില്ലാ മിഷൻ ഉദ്യോഗസ്ഥർ പരിശോധിച്ച് സാക്ഷ്യപ്പെടുത്തുന്നതായും കാണുന്നില്ല. കൂടാതെ അയൽക്കൂട്ടങ്ങൾ അഗതി കുടുംബ മോണിറ്ററിംഗ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല

അഗതിരഹിത കേരളം പദ്ധതി കാലയളവിനുള്ളിൽ അപാകതകൾ പരിഹരിച്ച് ഗുണഭോക്താക്കൾക്ക് മുഴുവൻ സേവനവും ലഭ്യമാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-22 കാർഷിക മേഖലയിലെ പദ്ധതികൾ- നിർവ്വഹണത്തിലെ അപാകതകൾ

2020-21 വർഷത്തിൽ കാർഷിക മേഖലയിൽ 11 പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. ഇതിൽ സുഭിക്ഷ കേരളം- പച്ചക്കറി കൃഷി, കര നെൽകൃഷി, തരിശ്ഭൂമിക്ക് ധനസഹായം, നെൽകൃഷി വികസന പദ്ധതി, വാഴകൃഷി വികസനം തുടങ്ങിയ

വിവിധങ്ങളായ പദ്ധതികളിലൂടെ ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകിയിട്ടുണ്ട്. പദ്ധതികളുടെ നിർവ്വഹണത്തിൽ താഴെ പറയുന്ന അപാകതകളുണ്ട്.

1) സ.ഉ (സാ ധാ) നം. 1009/2020/ത.സ്വ.ഭ.വ/29.05.20 പ്രകാരമുള്ള സബ്സിഡി മാർഗരേഖ ഭേദഗതി ഖ. 2.5.5അനുസരിച്ച് വിളകളെ സംസ്ഥാന കാർഷിക വികസന കർഷക ക്ഷേമവകുപ്പ് നടപ്പിലാക്കുന്ന ഇൻഷ്വറൻസ് സ്കീമിന്റെ ഭാഗമാക്കേണ്ടതാണ്. എന്നാൽ പദ്ധതികളുടെ അപേക്ഷകൾ പരിശോധിച്ചതിൽ വിള ഇൻഷ്വർ ചെയ്തതിന്റെ രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.05/20.07.21) ഇൻഷ്വറൻസ് ചെയ്ത കർഷകർക്കാണ് ആനുകൂല്യം നൽകിയതെന്ന് മറുപടി നൽകിയെങ്കിലും രേഖകൾ ലഭ്യമാക്കിയിട്ടില്ല.

2) കാർഷിക മേഖലയിൽ നടപ്പാക്കിയ പദ്ധതികളുടെ മോണിറ്ററിംഗും, പദ്ധതി പൂർത്തീകരണ പത്രം തയ്യാറാക്കലും നടന്നതായി കാണുന്നില്ല. പദ്ധതി നിർവ്വഹണം പൂർത്തിയാകുമ്പോൾ നിർവ്വഹണ ഉദ്യോഗസ്ഥർ പ്രോജക്ടുകളുടെ പൂർത്തീകരണ പത്രം തയ്യാറാക്കേണ്ടതാണ്. സ.ഉ (കൈ)നം.11/2018/തസ്വഭവ/29.01.2018 പ്രകാരം അതാത് വർക്കിംഗ് ഗ്രൂപ്പുകൾ പദ്ധതികളുടെ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിക്കേണ്ടതും യോഗം ചേർന്ന് മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി നിർവ്വഹണ ഉദ്യോഗസ്ഥനും ഭരണസമിതിക്കും നൽകേണ്ടതാണ്. എന്നാൽ കൃഷി വർക്കിംഗ് ഗ്രൂപ്പ് മിനുട്സ് പരിശോധിച്ചതിൽ കാർഷിക മേഖലയിൽ നടപ്പാക്കിയ പദ്ധതികളുടെ വിലയിരുത്തൽ നടന്നിട്ടില്ല എന്ന് വ്യക്തമാകുന്നു. വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റ് ഇക്കാര്യത്തിൽ ശ്രദ്ധിക്കേണ്ടതാണ്.

## 1-23 എസ്. സി കുടുംബങ്ങൾക്ക് വാട്ടർടാങ്ക് വിതരണം- ഗുണഭോക്തൃവിഹിതം മുഴുവൻ ചെലവഴിക്കാതെ തനത് ഫണ്ടിൽ സൂക്ഷിക്കുന്നു.

| | |
|---|---|
| പ്രോജക്റ്റിന്റെ പേരും നമ്പറും | 14/20-21 , എസ്.സി കുടുംബങ്ങൾക്ക് വാട്ടർ ടാങ്ക് |
| അടങ്കൽ | 375000 (300000 വികസനഫണ്ട് +75000 ഗുണഭോക്തൃവിഹിതം) |
| ചെലവ് | 375000 |
| ബിൽ നം. /ചെക്ക് നം. ,തീയതി, തുക | 15/18.03.21, 134000<br>18/30.03.21, 166000<br>12832/22.03.21, 75000 |

75% സബ്സിഡിയോടുകൂടി 25% ഗുണഭോക്തൃവിഹിതം അടവാക്കി പഞ്ചായത്തിലെ എസ്. സി കുടുംബങ്ങൾക്ക് വാട്ടർടാങ്ക് നൽകുന്നതാണ് പദ്ധതി. 700രൂപ വീതം ഗുണഭോക്തൃവിഹിതം അടവാക്കിയ 136 ഗുണഭോക്താക്കൾക്ക് ടെണ്ടർ നടപടികളിലൂടെ വിക്ടോറിയ പോളിഫോം, തൃശ്ശൂർ എന്ന സ്ഥാപനത്തിൽ നിന്നും വാട്ടർ ടാങ്കുകൾ വാങ്ങി നൽകിയിട്ടുണ്ട്. ഗുണഭോക്തൃ വിഹിതം പിരിച്ചെടുത്തതിലും ചെലവഴിച്ചതിലും താഴെ പറയുന്ന അപാകതകളുണ്ട്.

1) 136പേരിൽ നിന്നായി 700/-രൂപ വീതം ആകെ 95200/-രൂപ ഗുണഭോക്തൃ വിഹിതം പിരിച്ചെടുത്തിട്ടുണ്ട്. എന്നാൽ 75000/- രൂപ മാത്രമാണ് ചെലവഴിച്ചിട്ടുള്ളത് (ചെക്ക് നം.12832/22.03.21). ബാക്കി വന്ന 20200/- രൂപ തനത് ഫണ്ടിൽ അവശേഷിക്കുന്നു. ഇത് ഗുണഭോക്താക്കൾക്ക് തിരിച്ചു നൽകിയിട്ടില്ല. ബാലൻസ് തുക പഞ്ചായത്ത് ഫണ്ടിൽ മുതൽ കൂട്ടുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്നാണ് ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (24/23.07.19) മറുപടി നൽകിയിട്ടുള്ളത്.

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൌണ്ട്സ്) ചട്ടങ്ങൾ, ചട്ടം 25പ്രകാരം പഞ്ചായത്ത് പിരിച്ചെടുത്തവയിൽ നിന്ന് തിരികെ നൽകേണ്ട തുകകൾ, സാധ്യമാണെങ്കിൽ, ഭാവി വരവുകളിലേക്ക് അഡ്ജസ്റ്റ് ചെയ്യേണ്ടതാണ്. തുകകൾ തിരിച്ച് നൽകുന്ന കാര്യത്തിൽ , പ്രസിഡന്റ് അധികൃതമാക്കിയ ശേഷം സെക്രട്ടറി അവ തിരിച്ചു നൽകേണ്ടതാണ്. നിലവിൽ ചെലവഴിക്കാതെ അവശേഷിക്കുന്ന ഗുണഭോക്തൃ വിഹിതം ഭാവി വരവുകളിലേക്ക് അഡ്ജസ്റ്റ് ചെയ്യാൻ കഴിയുന്നതല്ലാത്തതിനാൽ ആയത് ബന്ധപ്പെട്ട ഗുണഭോക്താക്കൾക്ക് തിരിച്ചു നൽകി ഓഡിറ്റിൽ റിപ്പോർട്ട് ചെയ്യേണ്ടതാണ്.

2) താഴെ പറയുന്ന രസീതുകൾ പ്രകാരം ഗുണഭോക്തൃവിഹിതം പിരിച്ചെടുത്തതിൽ രസീതിന്റെ പകർപ്പ് ഗുണഭോക്താക്കൾക്ക് നൽകാതെ ആയത് രസീത് ബുക്കിൽ തന്നെ സൂക്ഷിച്ചിരിക്കുന്നു.

| രസീത് നം. തീയതി | തുക |
|---|---|
| 755/57-65 , 24.02.21 | 9*700=6300 |
| 755/74-100, 24.02.21 | 26*700=18200 |
| 756/1-36, 24.02.21 | 36*700=25200 |

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൌണ്ട്സ്) ചട്ടങ്ങൾ, ചട്ടം 20പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥർ പഞ്ചായത്തിനു വേണ്ടി പണം സ്വീകരിക്കുമ്പോൾ ഇൻസ്ട്രുമെന്റ് ഏതാണെന്ന് രേഖപ്പെടുത്തി യാതൊരു വീഴ്ചയുമില്ലാതെ രസീത് നൽകേണ്ടതാണ്. കയ്യെഴുത്ത് സമ്പ്രദായത്തിൽ നൽകുന്ന രസീതുകൾ മെഷീൻ നമ്പർ നൽകിയവയും ഡബിൾ സൈഡ് കാർബൺ ഉപയോഗിച്ച് എഴുതിയവയുമായിരിക്കണം. അസ്സൽ ഓഫീസിൽ സൂക്ഷിക്കേണ്ടതും ഡ്യൂപ്ലിക്കേറ്റ് പണം നൽകിയ ആൾക്ക് നൽകേണ്ടതുമാണ്.

## 1-24 CPRCS വഴി ലാപ്ടോപ് വാങ്ങി വിതരണം - അപാകതകൾ

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണം നടത്തിയ താഴെ പറയുന്ന പദ്ധതികൾ പ്രകാരം പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ് വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. സ.ഉ(സാധാ)നം.25/2018/ITD/01.02.2018 നിർദേശമനുസരിച്ച് കേരള സ്റ്റേറ്റ് ഐ ടി മിഷനു കീഴിലുള്ള CPRCS പോർട്ടൽ വഴി വാങ്ങുന്നതിനായി ഓർഡർ നൽകുകയും സപ്ലൈ ഏജൻസിയായ കെൽട്രോൺ നൽകിയ പ്രൊഫോർമ ഇൻവോയിസ് പ്രകാരമുള്ള തുകകൾ(സർവ്വീസ് ചാർജ്ജ് ഉൾപ്പെടെ) കേരള സ്റ്റേറ്റ് ഐ ടി മിഷന് മുൻകൂറായി നൽകുകയും ചെയ്തിട്ടുണ്ട്. ലാപ്ടോപുകൾ മറ്റു കമ്പനികളിൽ നിന്നാണ് ലഭ്യമാക്കിയിട്ടുള്ളത്. എന്നാൽ ഫൈനൽ ബിൽ കെൽട്രോണിൽ നിന്നും ലഭ്യമാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| പ്രോജക്ടിന്റെ പേരും നമ്പറും | 319/20-21 (So)<br>പട്ടികജാതി പ്രൊഫഷണൽ/ ബിരുദ വിദ്യാർഥികൾക്ക് ലാപ്ടോപ് നൽകൽ | 17/20-21<br>പട്ടികജാതി വിദ്യാർത്ഥിനികൾക്ക് ലാപ്ടോപ്പ് നൽകൽ | 18/20-21<br>പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് നൽകൽ |
|---|---|---|---|
| അടങ്കൽ | 439824 (വികസനഫണ്ട് SCP) | 300000 (വികസനഫണ്ട് SCP) | 300000 (വികസനഫണ്ട് SCP) |
| ചെലവ് | 439824 | 281650 | 281650 |
| ബിൽ നം. തീയതി | 01/22.04.20 | 17/30.03.21 | 18/30.03.21 |
| പദ്ധതി പ്രകാരം വാങ്ങിയ ലാപ്ടോപ്പുകളുടെ എണ്ണം | 16 | 10 | 10 |
| പ്രൊഫോർമ ഇൻവോയിസ് പ്രകാരം ഐ ടി മിഷന് | No.TVM/ITBG/PI/RC/13876/19-20, 15.01.20 അനുസരിച്ച് 16 എണ്ണത്തിന് 27489/-രൂപ നിരക്കിൽ 439824/-രൂപ നൽകി | No.TVM/ITBG/PI/RC/25857/20-21, 25.03.21 അനുസരിച്ച് 10 എണ്ണത്തിന് 28165/-രൂപ നിരക്കിൽ 281650/- രൂപ നൽകി | No.TVM/ITBG/PI/RC/25857/19-20, അനുസരിച്ച് 10 എണ്ണത്തിന് 28165/-രൂപ നിരക്കിൽ 281650/- രൂപ നൽകി |

| | | | |
|---|---|---|---|
| മുൻകൂർ നൽകിയ തുക | | | |
| ടാക്സ് ഇൻവോയിസ് പ്രകാരം ലഭ്യമായ ലാപ്ടോപ്പുകളുടെ മൂല്യം/നിരക്ക് | No. RV200105004643/24.08.20 പ്രകാരം 16 എണ്ണം 26432/- രൂപ നിരക്കിൽ ആകെ 422912/-രൂപ യുടെ ലാപ്ടോപ്പുകളാണ് LENOVOകമ്പനിയിൽ നിന്നും ലഭിച്ചത് | No. PSYI21009024/11.06.21 പ്രകാരം 10 എണ്ണം, ആകെ 271092/-രൂപ യുടെ ലാപ്ടോപ്പുകളാണ് ACERകമ്പനിയിൽ നിന്നും ലഭിച്ചത് | No. PSYI21009030/11.06.21 പ്രകാരം 10 എണ്ണം, ആകെ 271092/-രൂപ യുടെ ലാപ്ടോപ്പുകളാണ് ACERകമ്പനിയിൽ നിന്നും ലഭിച്ചത് |
| കുറവ് മൂല്യം/ അധികം നൽകിയ തുക | 16912 (439824-422912) | 10558 (281650-271092) | 10558 (281650-271092) |

- പദ്ധതി പ്രകാരമുള്ള ലാപ്ടോപ്പുകൾ വിദ്യാർത്ഥികൾക്ക് വിതരണം ചെയ്തതായ രേഖകളുണ്ടെങ്കിലും ആയവ ഇൻവോയിസ് പ്രകാരം സ്റ്റോക്കിലെടുക്കാതെയാണ് വിതരണം ചെയ്തിട്ടുള്ളത്.
- ലാപ്ടോപ്പുകൾ ലഭ്യമാക്കിയ ഇൻവോയിസുകൾ നിർവ്വഹണ ഉദ്യോഗസ്ഥൻ മേലൊപ്പ് വെക്കേണ്ടതും കെൽട്രോൺ ഇൻസ്റ്റലേഷൻ സർട്ടിഫിക്കറ്റ് നൽകേണ്ടതുമാണ്. എന്നാൽ ഇത് പാലിച്ചിട്ടില്ല. മാത്രമല്ല, മുൻകൂർ തുക ക്രമീകരിച്ചുകൊണ്ട് കെൽട്രോൺ ഫൈനൽ ടാക്സ് ഇൻവോയിസ് നൽകേണ്ടതാണ്. എന്നാൽ ആയത് കെൽട്രോണിൽ നിന്നും ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി (നം.2/16.07.21) നൽകിയതതനുസരിച്ച് കെൽട്രോണിന് കത്ത് നൽകിയിട്ടുണ്ട്.

കെൽട്രോണിൽ നിന്നും ഫൈനൽ ടാക്സ് ഇൻവോയിസ് ലഭ്യമാക്കി അറിയിക്കേണ്ടതാണ്. വാങ്ങൽ നടത്തുമ്പോൾ സർക്കാർ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

## 1-25 നിർവഹണ ഉദ്യോഗസ്ഥരുടെ പണമിടപാട്- അക്കൗണ്ടിങ്ങിലെ അപാകതകൾ

ഗ്രാമപഞ്ചായത്തിന് കൈമാറിക്കിട്ടിയ സ്ഥാപനങ്ങളിലെ കണ്ടിജന്റ് ചെലവുകൾക്കായി 2020-21 വർഷം മുതൽ പഞ്ചായത്ത് മുൻകൂറായി തുകകൾ അനുവദിച്ചു വരുന്നുണ്ട്. സ.ഉ. (കൈ) നം. 22/2018/ത.സ്വ.ഭ.വ തി: 14-2-2018 പ്രകാരമുള്ള പദ്ധതി മാർഗരേഖയുടെ ക്രമ നം. 8.8 പ്രകാരം ഇപ്രകാരം നിർവഹണ ഉദ്യോഗസ്ഥർക്ക് മുൻകൂർ അനുവദിക്കാവുന്നതാണ്.

2020-21 വർഷം ഇങ്ങനെ മുൻകൂർ അനുവദിച്ചതിന്റെ വിവരം താഴെ ചേർക്കുന്നു.

| | നിർവഹണ ഉദ്യോഗസ്ഥൻ. | തുക |
|---|---|---|
| 1 | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 20,000 |
| 2 | മെഡിക്കൽ ഓഫീസർ (കു.ആ.കേ) | 1,00,000 |
| 3 | കൃഷി ഓഫീസർ | 30,000 |
| 4 | വെറ്ററിനറി സർജൻ | 75,000 |
| | ആകെ | 2,25,000 |

ഈയിനത്തിലെ ലെഡ്ജർ വിവരങ്ങളുടെ സംഗ്രഹം താഴെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 2,30,000 |
| തൻ വർഷം നല്കിയത് | 2,25,000 |
| ആകെ | 4,55,000 |
| ക്രമീകരിച്ചത് | 1,98,309 |
| നീക്കി ബാക്കി | 2,56,691 |

ഇതുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന അപാകതകൾ ശ്രദ്ധയിൽ പെടുത്തുന്നു.

1) 2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 32 പ്രകാരം ഇങ്ങനെ നല്കിയ മുൻകൂർ തുക ചെലവായി കഴിയുമ്പോൾ ആയതിന്റെ രേഖകൾ സമർപ്പിച്ച് അഡ്വാൻസുകൾ അഡ്ജസ്റ്റ് ചെയ്യേണ്ടതാണ്. നിശ്ചിത

തീയതിക്കകം ക്രമീകരിക്കാത്ത തുകകൾ പലിശ സഹിതം തിരിച്ചീടാക്കാൻ സെക്രട്ടറി നടപടി സ്വീകരിക്കേണ്ടതുമാണ്.

എന്നാൽ തൻവർഷം നീക്കി ബാക്കി നിൽക്കുന്ന തുകകൾ ക്രമീകരിച്ചതായി കാണുന്നില്ല.

2) സ.ഉ. (കൈ) നം. 11/2018/ത.സ്വ.ഭ.വ തി: 29-1--2018 പ്രകാരമുള്ള പദ്ധതി രൂപീകരണ മാർഗരേഖയുടെ ഖണ്ഡിക നം. 11.4 പ്രകാരം നിർവഹണം പൂർത്തിയാകുമ്പോൾത്തന്നെ അതാതു നിർവഹണ ഉദ്യോഗസ്ഥർ പ്രൊജക്റ്റുകളുടെ പൂർത്തീകരണ സാക്ഷ്യപത്രം സുലേഖ സോഫ്റ്റ്‌വെയറിൽ തയ്യാറാക്കണം. ഇതിനായി വർഷാവസാനത്തേക്ക് കാത്തു നിൽക്കരുത്. എന്നാൽ അതാതു സമയം ചെലവു വിവരം അറിയിച്ച് മുൻകൂർ ക്രമീകരിച്ചതായി കാണുന്നില്ല.

3) 2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 16 (1) പ്രകാരം ഓരോ നിർവഹണ ഉദ്യോഗസ്ഥനും TR 7A കാഷ് ബുക്ക് സൂക്ഷിക്കേണ്ടതും, എല്ലാ സ്രോതസ്സിൽ നിന്നുമുള്ള പണമിടപാടുകളും രേഖപ്പെടുത്തേണ്ടതുമാണ്. വ്യത്യസ്ത പഞ്ചായത്തുകളുടെ നിർവഹണം നടത്തുന്നുണ്ടെങ്കിൽ, ഓരോ പഞ്ചായത്തിനെയും സംബന്ധിച്ച ഇടപാടുകൾ രേഖപ്പെടുത്താൻ പ്രത്യേകം സബ്സിഡിയറി രജിസ്റ്റർ സൂക്ഷിക്കേണ്ടതുമാണ്.

എന്നാൽ, മുകളിൽ കാണിച്ച എല്ലാ നിർവഹണ ഉദ്യോഗസ്ഥരും കണ്ടിജന്റ് ചെലവിനായി തങ്ങൾക്ക് ലഭിച്ച തുകകൾ, അവ ലഭിച്ച തിയ്യതിയിൽ കാഷ് ബുക്കിൽ വരവു കാണിക്കുകയും അന്നേ ദിവസം തന്നെ ബാങ്കിൽ നിക്ഷേപിച്ചതായി ചെലവു കാണിച്ച് ക്ലോസിംഗ് ബാലൻസിൽ നിന്നും നീക്കം ചെയ്യുകയും ചെയ്തതായി കാണുന്നു.

ഇതു ക്രമത്തിലല്ല. ഗ്രാമ പഞ്ചായത്ത് / നഗര സഭ തുടങ്ങിയ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ തുടർന്നു വരുന്ന ഡബിൾ എൻട്രി അടിസ്ഥാനത്തിലുള്ള അക്രൂവൽ അക്കൗണ്ടിങ്ങ് സമ്പ്രദായത്തിൽ കാഷ് ബുക്ക്, ബാങ്ക് ബുക്ക്, ജേണൽ ബുക്ക് തുടങ്ങിയ അക്കൗണ്ട് പുസ്തകങ്ങൾ സൂക്ഷിക്കുമ്പോൾ മാത്രമേ ബാങ്കിൽ പണം നിക്ഷേപിക്കുമ്പോൾ കാഷ് ബുക്കിൽ ചെലവു കാണിക്കാൻ പറ്റുകയുള്ളൂ. മറ്റു സർക്കാർ ഓഫീസുകളിൽ കാഷ് അടിസ്ഥാനത്തിലുള്ള സിംഗിൾ എൻട്രി അക്കൗണ്ടിങ്ങാണ് പാലിക്കുന്നതെന്നതിനാൽ, ഉദ്യോഗസ്ഥന്റെ പേരിലുള്ള എല്ലാ ബാങ്ക് അക്കൗണ്ടിലേയും നീക്കിയിരുപ്പ് തുകയും, സ്ഥിരം മുൻകൂർ (PA) തുകയും കാഷ് ബുക്കിൽ നീക്കിയിരുപ്പ് തുകയായി രേഖപ്പെടുത്തേണ്ടതാണ്.

4) ടി അക്കൗണ്ട്സ് ചട്ടങ്ങളിലെ ചട്ടം 16(3) പ്രകാരം നിർവഹണ ഉദ്യോഗസ്ഥർ തൊട്ടടുത്തമാസം 5-ാം തിയ്യതിക്ക് മുമ്പായി അലോട്ട്മെന്റുകളുടെ ചെലവു സ്റ്റേറ്റ്മെന്റ് സെക്രട്ടറിക്ക് നൽകേണ്ടതാണ്. ഇത്തരം നടപടിക്രമങ്ങൾ പാലിച്ചതായി കാണുന്നില്ല.

5) ടി അക്കൗണ്ട്സ് ചട്ടങ്ങളിലെ ചട്ടം 16(2) പ്രകാരം നിർവഹണ ഉദ്യോഗസ്ഥർ പഞ്ചായത്തിനു വേണ്ടി കൈപ്പറ്റുന്ന തുകകൾ തൊട്ടടുത്ത ദിവസം പഞ്ചായത്തിൽ ഒടുക്കേണ്ടതാണ്.

ഈ നിബന്ധന ശ്രദ്ധിക്കാത്തതിനാൽ പല നിർവഹണ ഉദ്യോഗസ്ഥരും അതാതു ദിവസം ഒടുക്കാനായി, രസീതിയിൽ തിയ്യതി രേഖപ്പെടുത്താത്തതായി കാണുന്നു.

ഇക്കാര്യങ്ങൾ നിർവഹണ ഉദ്യോഗസ്ഥരും സെക്രട്ടറിയും പാലിക്കേണ്ടതാണ്.
(ഓഡിറ്റ് എൻക്വയറി നം. 25/23-7-2021)

(അപാകതകൾ പരിഹരികകുന്നതാണെന്ന് മറുപടി അറിയിച്ചിട്ടുണ്ട്. )

## 1-26 വാടക ഇളവ് - അപേക്ഷകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

സ.ഉ.(സാധാ) നം.1278/2020/ത.സ്വ.ഭ.വ തി 29/06/2020 പ്രകാരം കൊവിഡ്-19 വ്യാപനം തടയുന്നതിന് സംസ്ഥാനത്ത് ലോക്ഡൌൺ ഏർപ്പെടുത്തിയ കാലയളവിൽ തദ്ദേശസ്വയഭരണ സ്ഥാപനങ്ങളുടേയും വികസന അതോറിറ്റികളുടേയും ഉടമസ്ഥതയിലുള്ളതും ലോക്ഡൌൺ കാരണം തുറന്ന് പ്രവർത്തിക്കാൻ സാധിക്കാത്തതുമായ സ്ഥാപനങ്ങളുടെ വാടക ഇളവു നൽകുന്നതിന് അപേക്ഷിക്കുന്ന വ്യക്തി തന്റെ സ്ഥാപനം ടി കാലയളവിൽ പ്രവർത്തിച്ചിട്ടില്ല, അടഞ്ഞുകിടക്കുന്നതാണെന്ന് സാക്ഷ്യപ്പെടുത്തുന്ന സത്യവാങ്മൂലം അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതാണ്. നിലവിൽ 2020 ഏപ്രിൽ, മെയ് മാസങ്ങളിൽ വാടക ഇളവ് നൽകിയിട്ടുണ്ട്. എന്നാൽ അപേക്ഷകൾ മുഴുവൻ ഫയലിൽ ലഭ്യമല്ല. ഇളവുകൾ നൽകിയ കട മുറികളുടെ വിവരം ചുവടെ ചേർക്കുന്നു.

| റൂം നം. | പ്രതിമാസ വാടക | ആകെ(ഏപ്രിൽ, മെയ് ) |
|---|---|---|
| 1 | 1531 | 3062 |
| 2 | 2166 | 4332 |
| 3 | 1078 | 2156 |
| 4 | 2276 | 4552 |

| | | |
|---|---|---|
| 5 | 1425 | 2850 |
| 6 | 7640 | 15280 |
| 7 | 6047 | 12094 |
| 8 | 5937 | 11874 |
| 10 | 4760 | 9520 |
| 11 | 5031 | 10062 |
| 12 | 5031 | 10062 |
| 13 | 1538 | 3076 |
| 15 | 2358 | 4716 |
| 16 | 1183 | 2366 |
| 17 | 475 | 950 |
| 18 | 1183 | 2366 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക ലഭ്യമാക്കിയ മറുപടിയിൽ (ഓഡിറ്റ് എൻക്വയറി നം.27/26.07.2021) വാടക ഇളവ് നൽകുന്നതിന് അപേക്ഷിക്കുന്ന വ്യക്തിയിൽ നിന്ന് സത്യവാങ്മൂലം അപേക്ഷയോടൊപ്പം എഴുതി വാങ്ങി ഫയലിൽ സൂക്ഷിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. നടപടികളുടെ പുരോഗതി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-27 വനവികസന നികുതി അടവാക്കിയിട്ടില്ല.

പാണ്ടിക്കാട് ഗ്രാമപഞ്ചായത്തിലെ വെറ്ററിനറി ഡിസ്പെൻസറി വളപ്പിലെ മരങ്ങൾ മുറിച്ച് ലേലം ചെയ്യുന്നതിന് മലപ്പുറം സോഷ്യൽ ഫോറസ്റ്ററി ഡിവിഷൻ അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ എ 1736/2019 തി 04.11.2019 ഉത്തരവ് പ്രകാരം വാല്യൂവേഷൻ റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. ആയത് ഭരണസമിതി ടി കമ്മിറ്റി തീരുമാന പ്രകാരം 90,000/- രൂപക്ക് ലേലം ഉറപ്പിക്കുകയും 15.09.2020 ന് ടിയാൻ പ്രസ്തുത തുക പഞ്ചായത്തിൽ( റസീപ്റ്റ് നം.120230102343 Dtd 18.08.2020 ) ഒടുക്കിയിട്ടുണ്ട്. എന്നാൽ ലേലതുകയുടെ 5% വനവികസനനികുതി കണക്കാക്കി 0406-01-101-96-FDT എന്ന റവന്യൂ ശീർഷകത്തിൽ അടവാക്കിയിട്ടുള്ളതായി കാണുന്നില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക ലഭ്യമാക്കിയ മറുപടിയിൽ (ഓഡിറ്റ് എൻക്വയറി നം.28/26.07.2021) ടി തുക വാർഷിക കണക്കുകളിൽ ബാധ്യതയായി രേഖപ്പെടുത്തിയിട്ടുണ്ടെന്നും , അടിയന്തിരമായി പ്രസ്തുത ഹെഡിൽ അടവാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ട്രഷറിയിൽ അടവാക്കിയ ചലാൻ രസീതി ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | കണക്കുകൾ പരിശോധിച്ച തിയ്യതി | സർട്ടിഫിക്കറ്റ് നമ്പറും തിയ്യതിയും |
|---|---|---|

| | | |
|---|---|---|
| 2020-21 | 12.7.2021 മുതൽ 26.7.2021 വരെ പാണ്ടിക്കാട് ഗ്രാമ പഞ്ചായത്തിന്റെ 2020-21 വർഷത്തെ ഓഡിറ്റ് വേളയിൽ വാർഷിക ധനകാര്യപത്രിക പരിശോധിച്ചു. | കെ.എസ്.എ.എം.പി.എം7/ /2021 തിയ്യതി:- 7.2021 |

## 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നല്കിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി പേര്/നം | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 228396 | നെൽകൃഷി വികസന പദ്ധതി പദ്ധതി(പ്രൊജക്ട് നം.291/21) | 228396 | 0 |
| | 674881 | പാലിന് സബസിഡി(പ്രൊജക്ട് നം.314/21) (പ്രൊജക്ട് നം.107/20) | 674881 | 0 |
| | 230000 | സുഭിക്ഷ കേരളം പച്ചക്കറി കൃഷി കൂലി ചെലവ് (പ്രൊജക്ട് നം.423/21) | 230000 | 0 |
| | 1475000 | ലൈഫ് മിഷൻ ഭൂമി വാങ്ങൾ പട്ടിക ജാതി(പ്രൊജക്ട് നം.427/21) | 1475000 | 0 |
| | 300000 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി(പ്രൊജക്ട് നം.233/21) | 300000 | 0 |
| | 89900 | ഭിന്ന ശേഷിക്കാർക്ക് സ്കോളർഷിപ്പ്(പ്രൊജക്ട് നം.143/21) | 89900 | 0 |
| ജില്ലാ പഞ്ചായത്ത് | 997500 | ഭിന്ന ശേഷിക്കാർക്ക് സ്കോളർഷിപ്പ്(പ്രൊജക്ട് നം.143/21) | 997500 | 0 |
| | 300000 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി(പ്രൊജക്ട് നം.233/21) | 300000 | 0 |
| | 1200000 | ലൈഫ് മിഷൻ ഭൂമി വാങ്ങൾ (പ്രൊജക്ട് നം.245/21) | 1200000 | 0 |

കുറിപ്പ്: സംയുക്ത പ്രോജക്ടുകൾക്ക് വേണ്ടി ലഭിക്കുന്ന തുകകൾ Joint Venture A/Cലൂടെ അക്കൗണ്ട് ചെയ്യപ്പെടാത്തതിനാൽ ഖണ്ഡിക1-4,4-2 എന്നിവയിൽ ഈയിനത്തിലെ നീക്കിയിരിപ്പ് പൊരുത്തപ്പെടുന്നില്ല.

## 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നല്കിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷം ഡെപ്പോസിറ്റ് വർക്കിന് തുക നല്കിയതിന്റേയും ചെലവഴിച്ചതിന്റേയും വിവരം

| ക്ര.നം. | നിർവ്വഹണ ഏജൻസി | പ്രവർത്തിയുടെ പേര് | വൗച്ചർ നം./ | മുൻകൂർ നല്കിയ | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം | ചെലവഴിക്കാൻ |
|---|---|---|---|---|---|---|---|

| | | | ബിൽ/ ചെക്ക് നം. | തുക | | | ബാക്കിയുള്ള തുക |
|---|---|---|---|---|---|---|---|
| 1 | കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | എറിയാട് കുടിവെള്ള പദ്ധതി പോസ്റ്റ് മാറ്റി സ്ഥാപിക്കൽ (പ്രൊജക്ട് നം.227/21) | 17/18.11.20<br>18/18.11.20 | 200000<br>52839 | 200000<br>52839 | വിവരം ലഭ്യമല്ല | |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റേയും വർഷാവസാനം തിരിച്ചടക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെ വിശദവിവരം താഴെ കൊടുക്കുന്നു.

| ക്രമ നം | വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നം.തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടക്കാനുള്ള മുൻബാക്കി | തൻവർഷം അടച്ചത് | | വർഷാവസാനം ബാക്കി |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| 1 | KURDFC ലൈഫ് ഭവന പദ്ധതി | G.O (MS)No.2278/Lsgd Dt.10.8.18 | 31000000 | 23529412 | 4042823(സ്ഥാപനം ലഭ്യമാക്കിയ വിവരം) | | 22586589 (Balance Sheet പ്രകാരം) |

## 4-6 സ്ഥിര നിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 778993 |
| തൻവർഷം നിക്ഷേപിച്ച തുക | 2559984 |
| ആകെ | 3338977 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപം | 3338977 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപം

| വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപം | തുക |
|---|---|
| വെട്ടിക്കാട്ടിരി സർവ്വീസ് സഹകരണ ബാങ്ക് | 3333977 |
| മലപ്പുറം ഡിസ്ട്രിക്ട് പഞ്ചായത്ത് എംപ്ളോയീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലി .നം.എം 567 | 5000 |
| ആകെ | 3338977 |

## 4-7 ഓഡിറ്റ് റിക്കവറി.

ഇല്ല

4-8 ചാർജ് സർചാർജ് നടപടികളുടെ വിവരം.

ഇല്ല

4-9 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ഇല്ല

4-10 ഓഡിറ്റ് പ്രത്യവലോകനം.

(എ) സംക്ഷിപ്ത വിവരം.

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 14,77,24,589 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 17,20,39,974 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 587343 |

(ചെലവിനങ്ങളിലുള്ള നഷ്ടം,വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബിയിലേയും സിയിലേയും തുകയാണ്.)

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം.
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-16 | 104504 | ഡോ.മുനീർ ബാബു മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) |
| 1-17 | 230000 | ഡോ.മുനീർ ബാബു മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) |
| 1-19 | 252839 | സുധീർ കുമാർ,സെക്രട്ടറി |
| ആകെ | 587343 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം.

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ.

ഇല്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഡോ.കവിത വി.എൻ,മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | ലഭ്യമല്ല | വെങ്ങന്നൂര് മന,പള്ളിശ്ശേരി,തൃശ്ശൂർ |
| ഡോ.അഞ്ജു.സി.രാജ് മെഡിക്കൽ ഓഫീസർ (ഹോമിയോ) | മെഡിക്കൽഓഫീസർ.ഗവ:ഹോമിയോ ഡിസ്പെൻസറി,പാണ്ടിക്കാട് | രാജ് വിഹാർ,കൊട്ടംപറമ്പ് ,പി.ഒ,കോഴിക്കോട് 673008 |
| ഡോ.മുനീർ ബാബു മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി) | അസിസ്റ്റന്റ് സർജൻ,പാണ്ടിക്കാട് എഫ്.എച്ച്.സി | ആനപട്ടത്ത്(വീട്)പുറ്റമണ്ണ പി.ഒ |
| സുധീർ കുമാർ,സെക്രട്ടറി | സെക്രട്ടറി .പാണ്ടിക്കാട് ഗ്രാമ പഞ്ചായത്ത് | അശ്വതി നിവാസ്,ചെമ്പ്രശ്ശേരി.പി.ഒ-676521 |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ക്ര.ന | വർഷം | ഈ വകുപ്പിൽ നിന്നുള്ള ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാത്ത ഖണ്ഡികകളുടെ എണ്ണം |
|---|---|---|---|
| 1 | 1997-98 | കെ.എസ്.എ.എം.പി.എം.6/821 തി.01-11-2010 | 43 |
| 2 | 1998-99 | എൽ.എഫ്.എം.6/1107/01 തി.01.11.2010 | 30 |
| 3 | 1999-00 | എൽ.എഫ്.എം.6/1892/07 തി.01.11.2010 | 23 |
| 4 | 2000-01 | എൽ.എഫ്.എം.6/1230/09 തി.01.11.2010 | 4 |
| 5 | 2001-02 | എൽ.എഫ്.എം.6/1231/09 തി.01.11.2010 | 6 |
| 6 | 2000-01 2001-02 (ചെലവ്) | എൽ.എഫ്.എം.6/1812/04 തി.01.11.2010 | 52 |
| 7 | 2002-03 | എൽ.എഫ്.എം.6/1232/09 തി.01.11.2010 | 30 |
| 8 | 2003-04 | എൽ.എഫ്.എം.6/1413/09 തി.01.11.2010 | 36 |
| 9 | 2004-05 | എൽ.എഫ്.എം.6/414/09 തി.01.11.2010 | 6 |
| 10 | 2005-06 | എൽ.എഫ്.എം.7/407/11 തി.4.6.2011 | 9 |
| 11 | 2006-07 | എൽ.എഫ്.എം.7/694/11 തി.3.8.2014 | 7 |
| 12 | 2007-08 | എൽ.എഫ്.എം.7/779/09 തി.15.12.09 | 11 |
| 13 | 2008-09 | എൽ.എഫ്.എം.7/1165/11 തി.12.7.2011 | 10 |
| 14 | 2009-10 | എൽ.എഫ്.എം.7/1166/11 തി.11.7.2011 | 10 |
| 15 | 2010-11 | എൽ.എഫ്.എം.7/764/12 തി.8.11.12 | 6 |
| 16 | 2011-12 2012-13 | എൽ.എഫ്.എം.7/1980/14 തി:3.12.2014 | 14 |
| 17 | 2013-14 2014-15 | എൽ.എഫ്.എം.7/1405/16 തി:14.06.2016 | 18 |
| 18 | 2015-16 | കെ.എസ്.എ./എം.പി.എം.7/3207/17തി: 8.2.2017 | 8 |

| | | | |
|---|---|---|---|
| 19 | 2016-17 | കെ.എസ്.എ./എം.പി.എം.7/1563/17തി: 26.07.2017 | 12 |
| 20 | 2017-18 | കെ.എസ്.എ./എം.പി.എം.7/2609/18 തി: 04.12.2018 | 14 |
| 21 | 2018-19 | കെ.എസ്.എ./എം.പി.എം.7/1838/19 തി: 29/07/2019 | 21 |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം.

എം.എ.

<u>അനുബന്ധം-1</u>

<u>ഓഡിറ്റ് സാക്ഷ്യപത്രം</u>

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ മലപ്പുറം ജില്ലയിലെ പാണ്ടിക്കാട് ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

മലപ്പുറം ജില്ലയിലെ പാണ്ടിക്കാട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്